Vol. 17. No. 3.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

March 1919.

# വിഷയ വിവരണിക.


1. മംഗളഗാനം.
2. വിശുദ്ധ യൌസേപ്പു പിതാവിനോടുള്ള ഭക്തി.
3. ഒരു ഹൃദയലേഖനം.
   നി. വ. ദിവ്യശ്രീ ചങ്ങനാശേരി മെത്രാനച്ചൻ
   തിരുമനസ്സുകൊണ്ടു്.
4. വേദപുസ്തകപാരായണം.
   റവ. ഫാദർ അലക്സാണ്ഡർ സി. ഡി.
5. ഒരു മാതൃകാപുരുഷൻ.
   പരേതനായ ശ്രീമാൻ ഏ. ജെ. വറുഗീസ്
   ബി. ഏ., എൽ. റ്റി.
6. ഇതു് ചരിത്രമോ കഥയോ?
   ദിവ്യശ്രീ നെറ്റത്തിൽ കുര്യൻ കത്തനാർ.
7. സംസാര വൈചിത്ര്യം.
   ശ്രീമാൻ ജോൺ വള്ളപ്പാട്ടുശ്ശേരി ബി. ഏ (ഓണേഴ്സ്.)
8. രണ്ടു കൂലിവേലക്കാർ.
   ദിവ്യശ്രീ പുരയ്ക്കൽ മാത്യു ശമ്മാശ്ശൻ എം. ഏ.
9. ഇതു് ശ്രദ്ധേയം തന്നെ. സംശയമില്ല.
   ഇക്കൊല്ലത്തിലെ കേരളീയ നവവൈദികന്മാർ.
10. ഇവരല്ലേ സാക്ഷാൽ മണവാട്ടികൾ?
   കുറവിലങ്ങാട്ടു ലേഖകൻ.
11. തിരുഹൃദയ പൊതുനിയോഗം.
12. ചോദ്യപ്പെട്ടി.
13. കുറിപ്പുകളും വർത്തമാനങ്ങളും.
14. ചരമ വൃത്താന്തങ്ങൾ.
15. പഞ്ചാംഗം.



തിരുഹൃദയസ്നേഹിതനായ മാർ യൌസേപ്പേ! ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമെ. (൩൦൦ ദി. ദ. വി.)

# കർമ്മലകുസുമം

പുസ്തകം ൧൦. ൧൯൧൯ മാർച്ച്. ലക്കം ൩.

## മംഗളഗാനം

(പാട്ടുക പാട്ടുക സീയോൻപുത്രീ, എന്ന മട്ടു്.)

പോകുവിൻ പോകുവിൻ യൌസേപ്പിൻെറ—
പാദത്തിൽ പോകുവിൻ സ്നേഹത്തൊടേ.

1. നിത്യപിതാവിൻെറ കാൎയ്യസ്ഥനായ്—
പാൎത്തലമീധന്യൻ പാലിക്കുന്നു. പോകുവിൻ.
2. സ്വൎഗ്ഗഭണ്ഡാരങ്ങളൊക്കയുമീ—
പൂജ്യൻെറകൈകളിലാകുന്നിതേ. പോകുവിൻ.
3. രക്ഷകനോടിയാൾ പ്രാൎത്ഥിപ്പതു—
കല്പന പോലെ നടത്തിടുന്നു. പോകുവിൻ.
4. എന്തൊരുനന്മയും വേണ്ടതിഹ—
അന്തരമെന്നിയെ ചോദിക്കുവിൻ. പോകുവിൻ.
5. പ്രാൎത്ഥിച്ചതൊക്കവേ കിട്ടിയതായ്—
സാക്ഷിച്ചരുളുന്നു ത്രേസ്യാമ്മ താൻ. പോകുവിൻ.
6. ദരിദ്രങ്ങൾ നീങ്ങി കുടുംബമതിൽ—
ഐക്യം ലഭിക്കുവാനാശിപ്പവർ. പോകുവിൻ.
7. നല്ലമരണം സിദ്ധിച്ചിടുവാൻ—
ഉള്ളത്തിലാഗ്രഹമുള്ളവരേ. പോകുവിൻ.

## വിശുദ്ധ യൌസേപ്പു പിതാവിനോടുള്ള ഭക്തി.

മീനമാസം തിരുക്കുടുംബനാഥനായ വിശുദ്ധ യൌസേപ്പു പിതാവിൻെറ സ്തുതിക്കായിട്ടാണല്ലൊ തിരുസഭ നിയോഗിച്ചിരിക്കുന്നതു്. ഈ വിശുദ്ധൻെറ മരണത്തിരുനാളാഘോഷവും ഈ മാസം ൧൯-ാംതീയതി ആണു്. ക്രമാതെയും തിരുസഭ ഈമാസത്തെ വി. യൌസേപ്പിൻെറ വണക്കമാസം എന്നാകുന്ന നാമകരണംചെയ്യുന്നതു്. വി.യൌസേപ്പുപിതാവിനോടുള്ള ഭക്തി പൂൎവ്വക്രിസ്ത്യാനികളുടെ ഇടയിൽതന്നെ ഉണ്ടായിരുന്നു. എങ്കിലും

പലസ്തീനാദേശത്തെ കൎമ്മലീത്താസന്ന്യാസികൾ പ്രസ്തുത ഭക്തിയെ പ്രചരിപ്പിക്കുന്നതിന്ന് അസാമാന്യമായി പരിശ്രമിച്ചിട്ടുണ്ട്. കൎമ്മലീത്താസഭയെ നവീകരിച്ച വിശുദ്ധ ത്രേസ്യാ, മാർ യൌസേപ്പു പിതാവിന്റെ ഗുണഗണങ്ങളെ വൎണ്ണിച്ചുകൊണ്ട് അനവധി പ്രസംഗങ്ങൾ പറകയും പലവിധ പ്രമേയങ്ങൾ രചിക്കയും ചെയ്തിട്ടുള്ളതു കൂടാതെ ഈ പുണ്യവാന്റെ നാമത്തിൽ അനേകം കമനീയങ്ങളായ ആശ്രമങ്ങളും മനോഹരങ്ങളായ ദേവാലയങ്ങളും, സ്ഥാപിച്ചിട്ടും ഉണ്ട്. എന്നതന്നെയുമല്ല, മാർ യൌസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥം വഴിയായി ഈ പുണ്യവതിക്കു അസാധാരണങ്ങളായ അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ളതായും കാണുന്നു. മാർ യൌസേപ്പു പിതാവിനോട് അപേക്ഷിച്ചിട്ടുള്ള യാതൊന്നും കിട്ടാതിരുന്നിട്ടില്ലെന്നു ഈ വിശുദ്ധ അമ്മ പലപ്പോഴും പറകയുണ്ടായിട്ടുണ്ട്. ഭക്തിമാനായ ജെർസോൻ ശാസ്ത്രി, വി. ബെൎണ്ണർദീനോസു ആദിയായവർവി. ത്രേസ്യാമ്മയെപ്പോലെ തന്നെ ഈ ഭക്തിയെ പരത്തുന്നതിൽ ബദ്ധശ്രദ്ധന്മാരായിരുന്നവരാണ്. ൧൫-ാം ശതാബ്ദത്തിന്റെആരംഭത്തിൽ ഉൽഭൂതമായ ശീശ്മയെ അമൎച്ചചെയ്യുന്നതിനു കൊൺസ്റ്റൻസു പട്ടണത്തിൽവച്ചു കൂടിയ സൂനഹദോസിൽ ജെർസോൻ ശാസ്ത്രി, ശീശ്മയുടെ നിവാരണത്തിന്നായിട്ടു വിശുദ്ധ യൌസേപ്പിനോടു പ്രാൎത്ഥിക്കുന്നതു ഫലപ്രദമായിട്ടുള്ളതാണെന്നു യുക്തിയുക്തവും സാരതരവും ആയ വിധത്തിൽ പ്രസംഗിക്കയുണ്ടായി. അവിടെ സന്നിഹിതരായിരുന്ന മെത്രാന്മാർ ഐകകണ്ഠ്യേന ഇദ്ദേഹത്തിന്റെ അഭിപ്രായത്തെ സ്വീകരിക്കയും പ്രസ്തുത ഭക്തിയെ തങ്ങളുടെ രൂപതകളിൽ പ്രചരിപ്പിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്കയുംചെയ്തു.

പൂൎവ്വകാലങ്ങളിൽ ഈ പുണ്യപിതാവിന്റെ മരണത്തിരുനാൾ ജൂലായി മാസം ൧൯-ാം തീയതി ആഘോഷിച്ചുവന്നതായി കാണുന്നു. ഒമ്പതാമത്തെ പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് വി. യൌസേപ്പുപിതാവിനെ, തിരുസഭയുടെ സൎവ്വസാധാരണ മദ്ധ്യസ്ഥനായി തെരഞ്ഞെടുക്കയും, നമ്മുടെ കൎത്താവിന്റെ ഉത്ഥാനം കഴിഞ്ഞുവരുന്ന മൂന്നാംഞായറാഴ്ച ഈ മദ്ധ്യസ്ഥത്തിരുനാൾ കേമമായി കൊണ്ടാടണമെന്നു കല്പിക്കയും ചെയ്തു. കൂടാതെയും മീനമാസം വി. യൌസേപ്പിന്റെ പ്രത്യേക വണക്കത്തിന്നായി പ്രതിഷ്ഠിക്കയും ചെയ്തു. ഈ കല്പന അനുസരിച്ച് കത്തോലിക്കാ ലോകമൊട്ടുക്കു വി. യൌസേപ്പിന്റെ തിരുനാളുകൾ ആഡംബരമായിത്തന്നെ കഴിച്ചു വരുന്നു. മീനമാസത്തിൽ ദേവാലയങ്ങളിലും, വിശ്വാസികളുടെ ഭവനങ്ങളിലും നമ്മുടെ പുണ്യവാന്റെ രൂപങ്ങൾ പ്രത്യേക വന്ദനാൎത്ഥം സ്ഥാപിച്ച് ആദ്ധ്യാത്മിക പാരായണം, ജപോച്ചാരണം എന്നിതുകൾ നടത്തുക പതിവാണ്. അത്രമാത്രമല്ല, ആണ്ടിൽവരുന്ന എല്ലാ ബുധനാഴ്ചകളും പ്രത്യേകം അദ്ദേഹ മരണത്തിരുനാളിന്നു മുമ്പുവരുന്ന ഒമ്പതു അല്ലെങ്കിൽ ഏഴു ബുധനാഴ്ചകളെ തെരഞ്ഞെടുത്തു ആ ദിവസങ്ങളിലും കുമ്പസാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുക, മൂന്നു ഭിക്ഷക്കാൎക്കു വസ്ത്രവും ഭക്ഷണവും ദാനംചെയ്ക മുതലായ ഭക്തപ്രവൃത്തികളും ഈനാട്ടിൽ വിശ്വാസികളുടെ ഇടയിൽ പ്രചരിച്ചുവരുന്നുണ്ട്.

പരിശുദ്ധ മറിയത്തിന്റെ ഭൎത്താവും ദൈവപുത്രനായ മ്ശിഹായുടെ വളൎത്തുപിതാവും, തിരുക്കുടുംബത്തിന്റെ കാവൽക്കാരനുമായ വിശുദ്ധ യൌസേപ്പ് ജാതിയിൽ യഹൂദനും കുലത്തിൽ ദാവീദ് വംശജനുമാണ്. ലൌകികത്വത്തിൽ കുറെ താണ പടിയിൽ ഗണിക്കപ്പെടുന്ന ആശാരിപ്പണിക്കാരനാണെങ്കിലും ആദ്ധ്യാത്മിക പദവിയിൽ ദൈവാനുഗ്രഹങ്ങൾ ധാരാളമായി ലഭിച്ചിട്ടുള്ള ഒരാൾ ആയിരുന്നു. ഇദ്ദേഹം ഈ നിലയിൽ നിത്യസ്വരൂപി ആയ ബാവാതമ്പുരാന്റെ പ്രതിനിധിയായിട്ടു തിരുക്കുടുംബത്തെ സംരക്ഷിക്കയും, പരിശുദ്ധാരൂപിയുടെ സ്ഥാനത്തിൽ ദൈവജനനിയുടെ ഭൎത്താവായിരുന്നുകൊണ്ടു മനുഷ്യാവതാര രഹസ്യത്തെ സൂക്ഷ്മമായും വിശ്വസ്തതയോടും പാലിക്കയും ചെയ്തു.

ആദത്തിന്റെ കനിഷ്ഠപുത്രനായ ഹാബേൽ വിശിഷ്ട വസ്തുക്കളെ ദൈവത്തിന്നു സമൎപ്പിച്ചതുകൊണ്ടും, പ്രവാചകനായ മൂ

ശ തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തിൻെറ നായകസ്ഥാനം വഹിച്ചതുകൊണ്ടും, പൂർവ്വ യൌസേപ്പ് എജിപ്തു, കാനാൻ മുതലായ ദേശങ്ങളെ ക്ഷാമത്തിൽനിന്ന് രക്ഷിച്ചതുകൊണ്ടും മഹാന്മാരുടെ ഗണത്തിൽ എണ്ണപ്പെടുന്നു. എന്നാൽ ത്രിതൈ്വക സർവ്വേശ്വരൻെറ സ്ഥാനത്തിൽ ലോകപരിത്രാണത്തിനുവേണ്ടി മനുഷ്യനായി അവതരിച്ച മ്ശിഹായുടെ പിതൃസ്ഥാനം വഹിക്കയും, വാഗ്ദത്തത്തിൻെറ പെട്ടിയായ കന്യകമറിയത്തെ രക്ഷിക്കയും, മററും ചെയ്ത നമ്മുടെ പിതാവിൻെറ മഹത്വം എത്രയൊ വലുതാണ്? മ്ശിഹാ, യൌസേപ്പ പിതാവിനെ വളൎത്തുപിതാവെന്നല്ല "പിതാവ്" എന്നു തന്നെയാണ് വിളിച്ചുവന്നതു്. മ്ശിഹായുടെ അമ്മയായ മറിയത്തിൻെറ സാക്ഷാൽ ഭൎത്താവായിരുന്നല്ലൊ വിശുദ്ധ 'യൌസേപ്പ്. ദേവാലയത്തിൽവെച്ച് മ്ശിഹായോട് തൻെറ അമ്മ പറഞ്ഞ വാക്യം, വേദപുസ്തകത്തിൽ കാണുന്നതു്, "ഞാനും, നിൻെറ പിതാവും" എന്നാണല്ലൊ. സൂൎയ്യചന്ദ്രന്മാർ തന്നെ കുമ്പിട്ടാരാധിക്കുന്നതായി പൂർവ്വ യൌസേപ്പിനു ഒരു ദൎശനമുണ്ടായി. വി. യൌസേപ്പ പിതാവിനെ, നിത്യസൂൎയ്യനായ മ്ശിഹായും സാക്ഷാൽ ശുഭ്രാംശുവായ കന്യകമറിയവും അനുസരിക്കയും, വണങ്ങുകയും ചെയ്തു. വേദപുസ്തകത്തിൽ ഇദ്ദേഹത്തെപ്പററി പറഞ്ഞിരിക്കുന്നതായതു്:— "അവളുടെ ഭൎത്താവായ യൌസേപ്പ നീതിമാനായിരുന്നു." വി. ഈറാനിമ്മോസ് സാക്ഷിക്കുന്നതു്, സകല സൽകൃത്യങ്ങളിലും പ്രാഥമ്യസ്ഥാനം അൎഹിക്കാത്ത ഒരുത്തനു "നീതിമാൻ" എന്ന പദത്തിനു യാതൊരു അവകാശവും ഇല്ലെന്നാണ്. ഈ സ്ഥിതിക്കു മാർ യൌസേപ്പ പിതാവിൻെറ മാഹാത്മ്യം എത്രയൊ മഹത്തരമാണ്! വിശുദ്ധ യൌസേപ്പിൻെറ ഗുണഗണങ്ങളെപ്പററി ഇതിൽ കൂടുതലായി ഇനി യാതൊന്നും പ്രസ്താവിക്കേണ്ടതായിട്ടില്ല. ഇത്ര മഹാ പുണ്യവാനായ നമ്മുടെ പിതാവിനോടുള്ള മാദ്ധ്യസ്ഥം എത്രയൊ ഉപകാരപ്രദമായിരിക്കുമെന്നു ഓരോരുത്തൎക്കും ഊഹിക്കാവുന്നതാണ്. നാം ഏതു "അന്തസ്സി"ൽ ഇരിക്കുന്നവരായാലും ഓരോരുത്തൎക്കും ഈ പുണ്യവാനെ ദൃഷ്ടാന്തമായി എടുക്കാം. ഇദ്ദേഹത്തിൻെറ ഗുണസഞ്ചയത്തെ അനുകരിക്കയും, ഇദ്ദേഹത്തിൻെറ മാഹാത്മ്യങ്ങളെ വൎണ്ണിക്കുകയും ചെയ്യുന്നതു മിശിഹാക്കും പരിശുദ്ധ മറിയത്തിനും വളരെ തൃപ്തികരവും സന്തോഷ ഹേതുകവുമായിരിക്കും. അതിനാൽ മീനമാസം വിശുദ്ധ യൌസേപ്പിൻെറ വണക്കമാസമായിത്തന്നെ ഏവരും അനുഷ്ഠിക്കേണ്ടതാകുന്നു. ബുധനാഴ്ച ഭക്തി ശരിയായി ആചരിക്കണം. തിരുക്കുടുംബത്തിൻെറ ഓൎമ്മക്കായി മൂന്നു പേൎക്കു ഭിക്ഷ കൊടുക്കുന്നതിനും യഥാശക്തി ശ്രമിക്കണം. നീതിമാന്മാരായിട്ടു ജീവിക്കണം. നമുക്കേവൎക്കും നല്ലമരണം ലഭിക്കുന്നതിന്ന് വിശുദ്ധ യൌസേപ്പ് പിതാവ് സംഗതിയാകട്ടെ.

## കുടുംബപ്രതിഷ്ഠയുടെ ഫലം.

### ഈശോയുടെ തിരുഹൃദയകാരുണ്യം.

എൻെറ മകൻ മൂന്നുവയസ്സു പ്രായമുള്ള ജോസഫ് എന്ന കുട്ടിക്കു ജ്വരപ്പനി പിടിപെട്ടു ഒരു മാസത്തോളം കിടപ്പിലായി. നാട്ടു ചികിത്സയിൽ വളരെ ക്ഷീണിച്ചെങ്കിലും രോഗം ശമിച്ചു കുട്ടി കുളിക്കയുണ്ടായി. ക്ഷീണം തീരുന്നതിനു മുമ്പായി കുട്ടിക്കു ഈ കഴിഞ്ഞ മാസം ൧൯-ാംനു- രാത്രിയിൽ ശദ്ദിലും ഒഴിച്ചി

ല്പം തുടങ്ങുകയും അതോടുകൂടി സന്നി കൊള്ളുകയും ചെയ്തു. വിദഗ്ദ്ധന്മാരായ പല വൈദ്യന്മാരെ വരുത്തിക്കാണിച്ചു ചികിത്സിപ്പിച്ചതിൽ അസാദ്ധ്യമെന്നു് അവരും മററു കാഴ്ചക്കാരും തീർച്ചപ്പെടുത്തി. ആശയററു വ്യസനിച്ചു കൊണ്ടിരുന്ന എൻെറ അമ്മ ഉടനെ ശിശുവിനെ കൈകളിൽ എടുത്തു ഈ ആണ്ടിൽ പുതുതായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈശോയുടെ കുടുംബപ്രതിഷ്ഠാ സ്വരൂപത്തിൻെറ മുമ്പിൽ കാണിക്കു വെച്ചു കൊണ്ടു്, എല്ലാവരുംകൂടി തിരുഹൃദയനവനാൾ ജപം ഒൻപതു ദിവസത്തേതും തുടൎന്നു വായിച്ചു പ്രാൎത്ഥിക്കുക ഉണ്ടായി. അപ്പോൾ ബോധമില്ലാതെ മരിച്ചതുപോലെ കിടന്നിരുന്ന കുട്ടി, അഹോ വിസ്മയം! കണ്ണുതുറന്നു നിലവിളിച്ചു.



വീണ്ടും വൈദ്യന്മാർ പരിശോധിക്കുകയും അപ്പോൾ കണ്ടതായ സുഖത്തെ സംബന്ധിച്ച് അവിടെയുണ്ടായിരുന്ന സകല ആളുകളും, അത്ഭുതചിത്തന്മാരാവുകയും ചെയ്തു. ഈശോയുടെ മധുരമേറുന്ന തിരുഹൃദയകാരുണ്യംമൂലം ഇപ്പോൾ എൻെറ കുട്ടി പൂൎണ്ണസുഖം പ്രാപിച്ചിരിക്കുന്നു.

ഇതു് കർമ്മലകുസുമത്തിൽ പ്രസിദ്ധം ചെയ്യണമെന്നു് അപേക്ഷിച്ചു കൊള്ളുന്നു.

എന്നു് അരഞ്ഞും പറമ്പിൽ ചാണ്ടി കുഞ്ഞുണ്ണി അന്ത്രപ്പെയരാ.

൯൬ കുംഭം ൧൧ ൹.

☞ വിശ്വാസികൾ ഓരോരുത്തരും സ്വകുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കേണ്ടതാണു്. അങ്ങനെ ചെയ്യാത്തവർ ഉടനെതന്നെ ഈ സൽകൃത്യമാരംഭിക്കാതിരിക്കയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. ഇവിടെ ഉദ്ധരിച്ചിരിക്കുന്നതുപോലെയുള്ള തിരുഹൃദയത്തിൻെറ മനോഗുണവിവരങ്ങൾ ഭക്തന്മാർ എഴുതി അയക്കുന്നതായാൽ കുസുമത്തിൽ സസന്തോഷം പ്രസിദ്ധീകരിക്കുന്നതാണു്.

(പത്രാധിപർ.)

# നി. വ. ദിവ്യശ്രീ കുയ്യാളച്ചേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം.

വന്ദ്യസഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ,

കത്തോലിക്കസഭയിൽ ആഘോഷിക്കപ്പെടുന്ന എല്ലാ തിരുനാളുകളുടേയും കേന്ദ്രസ്ഥാനങ്ങൾ പോലിരിക്കുന്ന നമ്മുടെ കൎത്താവിൻെറ പിറവി, ഉയിൎപ്പു്, പന്തക്കുസ്താ എന്നീ മൂന്നു തിരുനാളുകളിൽ പ്രാധാന്യമേറിയതും, നമ്മുടെ കൎത്താവിൻെറ കഷ്ടാനുഭവത്തിൻെറയും, ഉത്ഥാനത്തിൻെറയും ഓൎമ്മ കൊണ്ടാടപ്പെടുന്നതുമായ പെസഹാത്തിരുനാളിന്നു് ഒരുക്കമായി ആചരിക്കപ്പെടുന്ന അൻപതുനോമ്പു് ഇതാ സമീപിച്ചുവരുന്നു. മൂശയും, ഏലിയാ

യും, നിനിവായിക്കാരും, ഒടുവിൽ നമ്മുടെ കർത്താവും അനുസരിച്ച നാല്പതു ദിവസത്തെ ഉപവാസത്തെ അനുകരിച്ച്, തിരുസഭയുടെ ആരംഭകാലം മുതൽ ഈ നോമ്പ് സഭയിൽ ആചരിച്ചുവരുന്നു. ഈ നോമ്പ് അനുസരിക്കുന്നതിൽ വിശ്വാസികളെ ഉത്സാഹിപ്പിക്കുന്നതിലേയ്ക്കായി തിരുസഭ, അൻപതു നോമ്പിന്റെ ആദ്യ ഞായറാഴ്ച വായിക്കപ്പെടുന്ന സുവിശേഷത്തിൽ, നമ്മുടെ കർത്താവ് വനത്തിൽ നാല്പതു രാപ്പകൽ അനുസരിച്ച കഠിന ഉപവാസത്തെ നമുക്കു മാതൃകയായി കാണിച്ചു തരുന്നു. ഈ സുവിശേഷ ഭാഗത്തെ നിങ്ങൾ സശ്രദ്ധം കേട്ടുകൊൾവിൻ.

നമ്മുടെ കർത്താവീശോ. മ്ശിഹായുടെ സുവിശേഷം, വി. മത്തായിയുടെ അറിയിപ്പ് (൪-ാംഅ. ൧ മുതൽ ൧൧ വരെ വാക്യങ്ങൾ) അനന്തരം, ഈശോ, പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായി വനത്തിലേക്കു (പരിശുദ്ധ) ആത്മാവാൽ കൊണ്ടുപോകപ്പെട്ടു; (അവിടെ) അവിടുന്ന് നാല്പതു രാവും പകലും ഉപവാസം അനുഷ്ഠിച്ചു. ഒടുവിൽ അവിടുത്തേക്കു (വലിയ) വിശപ്പുണ്ടായി; അപ്പോൾ പരീക്ഷകൻ അടുത്തുവന്ന് അവിടുത്തെയോട്, "നീ ദൈവപുത്രനാകുന്നുവെങ്കിൽ, ഈ കല്ലുകൾ അപ്പങ്ങളായി പരിണമിപ്പാൻ ആജ്ഞാപിക്ക" എന്നു പറഞ്ഞു; ഇതിനുത്തരമായി ഈശോ അവനോട്, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുന്ന എല്ലാ വചനങ്ങൾകൊണ്ടും ജീവിക്കുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നു, എന്നു പറഞ്ഞു; അനന്തരം പിശാച് മ്ശിഹായെ വിശുദ്ധ നഗരത്തിലേക്ക് ആനയിച്ച്, ദേവാലയത്തിന്റെ ഗോപുരത്തിൽ നിറുത്തിക്കൊണ്ട് പറഞ്ഞതായത്: "നീ ദൈവപുത്രനാണെങ്കിൽ താഴോട്ടു ചാടുക; എന്തെന്നാൽ അവൻ നിന്നെ സംബന്ധിച്ച്, തന്റെ ദൂതന്മാരോടു ആജ്ഞാപിക്കുമെന്നും, അവർ നിന്റെ കാലുകൾ കല്ലിൽ തട്ടാതിരുപ്പാൻ വേണ്ടി തങ്ങളുടെ കരങ്ങളിൽ നിന്നെ വഹിക്കുമെന്നും" എഴുതപ്പെട്ടിരിക്കുന്നു; അപ്പോൾ ഈശോ അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുതെന്നു കൂടെയും എഴുതപ്പെട്ടിട്ടുണ്ടല്ലോ എന്നു പറഞ്ഞു; വീണ്ടും പിശാച് മ്ശിഹായെ ഏററം ഉയന്ന ഒരു മലയിലേക്കു കൊണ്ടുപോയി, ലോകത്തിലുള്ള എല്ലാ രാജ്യങ്ങളേയും അവയുടെ ഐശ്വര്യങ്ങളേയും കാണിച്ച്, അവിടുത്തോടു പറഞ്ഞതായത്: "നീ സാഷ്ടാംഗം വീണു എന്നെ ആരാധിച്ചാൽ ഞാൻ ഇതുകളെല്ലാം നിനക്കു തരാം". അപ്പോൾ ഈശോ അവനോട് "പിശാചേ! നീ അകന്നുപോക, എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്ക, അവിടുത്തെ മാത്രം നീ സേവിക്കാ" എന്ന് എഴുതപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞു; അപ്പോൾ പിശാച് മ്ശിഹായെ വിട്ടുപോകയും ദൈവദൂതന്മാർ അടുത്തുവന്ന് അവിടുത്തേയ്ക്കു ശുശ്രൂഷ ചെയ്കയും ചെയ്തു.

(൨.) വന്ദ്യസഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ, മ്ശിഹാ നാല്പതു രാവും, നാല്പതു പകലും വനത്തിൽ ഉപവസിച്ചു. ഇതാ നോമ്പ് അനുസരിക്കുന്നതിൽ നമുക്കു ഉത്തമദൃഷ്ടാന്തം! നമ്മുടെ കർത്താവ് ഒന്നു രണ്ടു ദിവസമല്ലാ, നാല്പതു ദിവസം യാതൊരന്നപാനങ്ങളും അനുഭവിക്കാതെ കഠിനമായ നോമ്പ് അനുസരിക്കുന്നു. ഇതു അവിടത്തേക്കാവശ്യമുണ്ടായിട്ടല്ല; നമുക്കു നോമ്പുകൊണ്ടുള്ള ആവശ്യത്തേയും ഉപകാരത്തേയും നമ്മേ പഠിപ്പിക്കുവാൻവേണ്ടി മാത്രമാണ്. പിശാച് നമ്മുടെ കർത്താവിനെ പരീക്ഷിച്ചു എങ്കിൽ, അവൻ നമ്മേ എത്ര അധികമായി പരീക്ഷിക്കും? എന്നാൽ പരീക്ഷകളെ ജയിക്കുന്നതിന് ഏകാന്തതയോടു കൂടിയ പ്രാർത്ഥനയും, നോമ്പും പോലെ ശക്തിയുള്ള ആയുധങ്ങൾ വേറെ ഇല്ലായെന്ന് ന. കർത്താവ് നമ്മേ പഠിപ്പിക്കുന്നു. ത്രിദോഷകോപത്തിൽനിന്നു സകല ശരീരരോഗങ്ങളും ഉത്ഭവിക്കുന്നതു പോലെ ആത്മസംബന്ധമായ സകല പരീക്ഷകളും മൂന്നു വലിയ ദുരാശകളിൽനിന്നത്രേ ജനിക്കുന്നത്. സുവിശേഷകനായ വിശുദ്ധ യോഹന്നാൻ പറയുന്നപ്രകാരം, ഇതുകൾ ശരീരത്തിന്റെ ആശയും, കണ്ണുകളുടെ ആശയായ അർത്ഥാഗ്രഹവും, ജീവന്റെ പ്രശംസയായ അഹങ്കാരവും എന്ന മൂന്നു ദുരാശകളാകുന്നു. ഇവയെക്കൊണ്ടത്രേ പിശാച് നമ്മുടെ കർത്താവിനെ പരീക്ഷിച്ചത്. പിശാച് നമ്മേ പരീക്ഷിച്ചിട്ടുള്ളതും, പരീക്ഷിച്ചു വരുന്നതും ഈ മൂന്നു ദുരാശകളാലത്രേ എന്ന് നാം അനുഭവത്താൽ പഠിച്ചിരിക്കുന്നു. ഈ പരീക്ഷകളെ ജയിപ്പാൻ നമ്മുടെ കർത്താവ് പ്രയോഗിച്ച ആയുധങ്ങളായ ഏകാന്തവും, നോമ്പും, പ്രാർത്ഥനയും രക്ഷയുടെ കാലമായ അമ്പതു നോമ്പിന്റെ സ്വീകാര്യാവസരത്തിൽ

നാം ഏററം താല്പര്യമായി അനുസരിക്കണം. ഇതിലേക്കു നമ്മുടെ മുൻകല്പന അനുസരിച്ച് പെസഹാക്കടമകളായ കുമ്പസാരം കുർബാന എന്ന കൂദാശകളെ വിശ്വാസികൾ ഏററം സഫലമായും യോഗ്യമായും കൈക്കൊള്ളുന്നതിന് മനുഷ്യൻെറ അന്ത്യം ആദിയായ നിത്യസത്യങ്ങളെ സംബന്ധിച്ച് മൂന്നു പൂർണ്ണദിവസങ്ങൾ ധ്യാനപ്രസംഗങ്ങൾ നടത്തി ഒരു ചെറിയ ധ്യാനാഭ്യാസം എല്ലാ പള്ളികളിലും നടത്തപ്പെടുന്നതിന് ബ. വികാരിമാർ താല്പര്യം വയ്ക്കണം. ഇതിലേക്കു ആവശ്യമുള്ള പട്ടക്കാരെ വരുത്തുകയും ചെലവു അതാതു പള്ളികളിൽനിന്നു വഹിക്കയും വേണം. എന്തെന്നാൽ ഇതു ജനങ്ങളുടെ ആത്മോപകാരത്തിനായുള്ള പള്ളിമുതലിൻെറ അവശ്യമായും ആശാസ്യമായും ഉപകാരപ്രദമായുമുള്ള ഒരു വിനിയോഗമാകുന്നു.

(൨.) മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ലാ ജീവിക്കുന്നതു്; അതേ, മനുഷ്യൻ ആത്മാവും ശരീരവുമെന്ന ഇരു സാരഭാഗങ്ങളോടുകൂടിയവനാകുന്നു. ശരീരം, ശാരീരികമായ അപ്പംകൊണ്ടും ആത്മാവ്, ആത്മീയമായ അപ്പംകൊണ്ടും ജീവിക്കുന്നു. "ഞങ്ങൾ എങ്ങനെ ഭക്ഷിക്കും? എങ്ങനെ പാനം ചെയ്യും? എങ്ങനെ വസ്ത്രധാരണം ചെയ്യും?" എന്ന് ചിന്താകുലന്മാരായി നിങ്ങൾ ആണ്ടു മുഴുവൻ സദാ വിചാരപ്പെടാതെ, ഏതാനും ദിവസങ്ങളെങ്കിലും, നമ്മുടെ ആത്മാവ് എന്തു ഭക്ഷിക്കും? എന്തു പാനം ചെയ്യും? എന്നു വിചാരിച്ചുകൊണ്ടു് നിങ്ങളുടെ ആത്മീയഭക്ഷണത്തെ സംബന്ധിച്ചുകൂടി വിചാരിക്കുന്നതു് എത്ര ആവശ്യമുള്ളതും സാരവത്തായതും ആകുന്നുവെന്നു നിങ്ങൾതന്നെ ബുദ്ധിപൂർവ്വം ആലോചിപ്പിൻ. നമ്മുടെ ആത്മാവിൻെറ അപ്പം നമ്മുടെ കർത്താവു അറിയിച്ചപ്രകാരം ദൈവത്തിൻെറ വചനമാകുന്നു; അതായതു് അവിടുത്തെ പ്രമാണങ്ങളുടെ വിശ്വസ്തതയോടുകൂടിയ അനുസരണമാകുന്നു. ദൈവപ്രമാണങ്ങൾക്കു വിരോധമായി പ്രവർത്തിപ്പിച്ചുകൊണ്ടു് പിശാച് നമ്മുടെ ആത്മീയജീവനെ ഹനിപ്പാൻ ശ്രമിക്കുമ്പോൾ ഈശോ മ്ശിഹാ നമ്മെ പഠിപ്പിച്ചതുപോലെ ദൈവവചനം എന്ന ആയുധത്തെ പ്രയോഗിച്ചുകൊണ്ടു് അവൻെറ പരീക്ഷകളെ നാം ജയിക്കണം. കൂടാതെയും നമ്മുടെ ആത്മാവിൻെറ ഏററം മുഖ്യമായ അപ്പം മാലാഖാമാരുടെ അപ്പമായും, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായും, വി. കുർബാനയിൽ അപ്പത്തിൻെറ സാദൃശ്യത്തിൽ നമ്മുടെ ആത്മാക്കളുടെ ആഹാരമായും മറഞ്ഞിരിക്കുന്ന മാംസമായ വചനമാകുന്നു. ഈ അപ്പത്തെ ഭക്ഷിക്കുന്നവൻ എന്നന്നേയ്ക്കും ജീവിക്കും. (യോഹന്നാൻ ൬. ൫൮.) എന്ന് ഈ സാരമേറിയ അപ്പത്തെക്കുറിച്ച് ഈശോ മ്ശിഹാ സാക്ഷിച്ചിരിക്കുന്നു. ഞങ്ങളുടെ അന്നന്നുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ എന്ന് എല്ലാ ദിവസവും പ്രാർത്ഥിപ്പാൻ ഈശോ മ്ശിഹാ നമ്മോടു കല്പിച്ചിരിക്കുന്നതു്, ശരീരത്തിൻെറ അപ്പത്തെ സംബന്ധിക്കുന്നതിനേക്കാൾ, ആത്മാവിൻെറ അപ്പമായ വിശുദ്ധ കുർബാനയെ ഏററം സംബന്ധിക്കുന്നതാകുന്നു. ആകയാൽ ആത്മാവിൻെറ ദിനംപ്രതിയുള്ള അപ്പമായി ഈശോ മ്ശിഹാ നിശ്ചയിച്ചിരിക്കുന്ന വിശുദ്ധ കുർബാനയെ, നിങ്ങൾ അവിടുത്തെ ആഗ്രഹപ്രകാരം കൂടക്കൂടെ അനുഭവിപ്പാൻ ഉത്സാഹിക്കുന്നതുകൂടാതെ, ആണ്ടിലൊരിക്കൽ അതായതു് വിശുദ്ധ കുർബാന സ്ഥാപിച്ച അവസരമായ പെസഹാക്കാലത്തിൽ അസാമാന്യമായ ഒരുക്കത്തോടും, ഭക്തിയോടും, സ്നേഹത്തോടുംകൂടെ വിശുദ്ധ കുർബാനയെ ഉൾക്കൊള്ളുവാൻ നിങ്ങൾ പ്രത്യേകം താല്പര്യപ്പെടുവിൻ.

(൩.) അവസാനമായി വന്ദ്യ സഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ, നമ്മുടെ ഏററം സ്നേഹിക്കപ്പെട്ട പിതാവായ മാർ യൌസേപ്പിൻെറ വണക്കമാസവും മരണത്തിരുനാളും സമീപിച്ചുവരുന്നു എന്നു കൂടെയും നാം നിങ്ങളെ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. ഈ പിതാവിൻെറ മഹിമകളേയും ശക്തികളേയും കുറിച്ച് വണക്കമാസപ്പുസ്തകത്തിൽ സവിസ്തരം വർണ്ണിച്ചിരിക്കകൊണ്ടു് നാം അവയെ ഇവിടെ എടുത്തുപറയുന്നില്ല. എന്നാൽ അവിടുന്ന് ഈശോ മ്ശിഹായുടെ വളർത്തുപിതാവും, ദൈവജനനിയായ പരിശുദ്ധ മറിയത്തിൻെറ യോഗ്യഭർത്താവും, തിരുസഭയുടെ ശക്തിയേറിയ പാലകനും, ക്രിസ്തീയ ലോകത്തിലെ സകല കുടുംബങ്ങൾക്കും മദ്ധ്യസ്ഥനും മാതൃകയും, നല്ലമരണം നൽകുന്നതിന് വിശേഷവരം പ്രാപിച്ചവനും ആകുന്നു എന്നു മാത്രം നാം ഇവിടെ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. ആകയാൽ ഈ പുണ്യപിതാവിൻെറ വണക്കമാസഭക്തി എല്ലാ പള്ളികളിലും, പ

ള്ളികളിൽ കൂടുവാൻ സാധിക്കാത്തവർ വേണ്ടി എല്ലാ വീടുകളിലും താല്പൎയ്യമായി നടത്തപ്പെടണമെന്ന് എല്ലാ ബ. വികാരിമാരോടും, കുടുംബനേതാക്കന്മാരോടും നാം താല്പൎയ്യമായി ഉപദേശിച്ചുകൊണ്ട് നമ്മുടെ പൈതൃകാശീൎവ്വാദത്തെ നാം നിങ്ങൾക്കു സസന്തോഷം നൽകുന്നു.

# വേദപുസ്തക പാരായണം.

## III. ദൈവത്തിന്നു മനുഷ്യരോടുള്ള സ്നേഹം.

ദൈവസ്നേഹത്തെ ധ്വംസനം ചെയ്യുന്ന അന്യ സ്നേഹമൊക്കെയും പരിത്യാഗത്താൽ നാം തള്ളിനീക്കീട്ടു ദൈവസ്നേത്തിന്നു പ്രവേശം നൽകേണ്ടതാണ്. ഇതിന്ന് ഒരുത്തമ മാൎഗ്ഗം ദൈവത്തിന്നു മനുഷ്യരോടുള്ള അളവററ സ്നേഹത്തെ പരിശോധിച്ചു കാണുന്നതാണ്. എന്തെന്നാൽ സ്നേഹത്തിന്നു പ്രതിസ്നേഹം പ്രദൎശിപ്പിക്കുവാൻ കഠിന ഹൃദയങ്ങൾ തന്നെയും നിബ്ബന്ധപ്പെട്ടുപോകും. അതിനാൽ നമ്മുടെ സ്രഷ്ടാവും, ഉടയനാഥനും, പിതാവുമായിരിക്കുന്ന ദൈവം, മക്കളായ നമ്മുടെ നേരെ എത്ര വലിയ സ്നേഹമാണ് വച്ചിരിക്കുന്നതെന്നു വേദപുസ്തകത്തിൽ തന്നെ നമുക്കു നോക്കാം.

൧. ദൈവം നമ്മെ സ്വൎഗ്ഗീയാനന്ദത്തിൽ തന്നോടുകൂടെ പങ്കുകാരാക്കണമെന്നുള്ള സ്നേഹപൂൎവ്വമായ ഉദ്ദേശ്യത്തോടുകൂടി തന്റെ സ്വന്ത ഛായയായി നമ്മെ സൃഷ്ടിച്ചു. സൃഷ്ടിപുസ്തകം ൧-ാം അദ്ധ്യായം ൨൬-ാം വാക്യത്തിൽ "നാം നമ്മുടെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കണം" എന്നു ദൈവം അരുളിച്ചെയ്തുവെന്നും, ൨൭-ാം വാക്യത്തിൽ "ദൈവം മനുഷ്യനെ തന്റെ രൂപത്തിൽ സൃഷ്ടിച്ചു" എന്നും എഴുതപ്പെട്ടിരിക്കുന്നു.

൨. ആദിമാതാപിതാക്കൾ കുററമററവരായിരിക്കയിൽ ദൈവം അവരെ വാത്സല്യ പുത്രരെപ്പോലെ ഒരു മനോഹരമായ തോട്ടത്തിൽ താമസിപ്പിക്കയും, സകല സൃഷ്ടികളെയും അവൎക്കു കീഴ്പ്പെടുത്തി സകലത്തിന്റെയും യജമാനന്മാരാക്കയും ചെയ്തു വിവരം സൃഷ്ടി പുസ്തകം ൧-ാം ൨-ാം അദ്ധ്യായങ്ങളിലും ദാവിദിന്റെ ൮-ാം സംഗ:തത്തിലും നിന്നു നമുക്കു കാണാം.

൩. വിശേഷിച്ചും രാജകീയ ദീൎഘദൎശി ആയ ദാവീദ് മനുഷ്യരുടെമേൽ ദൈവത്തിനുള്ള അത്യന്ത സ്നേഹത്തെ വൎണ്ണിച്ചുകൊണ്ടു "ഒരു പിതാവ് മക്കളുടെ മേൽ എങ്ങിനെ ദയയുള്ളവനായിരിക്കുന്നുവോ, അപ്രകാരം ദൈവം തന്റെ ഭക്തരുടെ മേൽ ദയയുള്ളവനായിരിക്കുന്നു" എന്നു ൧൦൩-ാംസംഗീതം ൧൩-ാംവാക്യത്തിൽ പറയപ്പെട്ടിരിക്കുന്നു. ദാവീദിന്റെ സംഗീതങ്ങളിൽ ദൈവത്തിന്റെ സ്നേഹം, അനുഗ്രഹം, പരിപാലനം ഇത്യാദി ഗുണങ്ങളാണ് സാധാരണമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്.

൪. ഏശയ്യാ ദീൎഘദൎശി വഴിയായി ദൈവംതന്നെ അറിയിച്ചിരിക്കുന്നതു ഇതിലും വലിയ സ്നേഹമാണ്. ദൈവതിരുവചനങ്ങൾ കേട്ടാലും; "സ്വന്ത ഉദരത്തിന്റെ പ്രജയോടു ദയ ഇല്ലാതിരിക്കത്തക്കവണ്ണം, ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറന്നുകളയുമോ? എന്നാൽ അവൾ മറന്നാലും ഞാൻ നിന്നെ മറക്കുന്നതല്ല" (ഏശയ്യ. ൪൯. ൧൫). ഇതിന്റെ ന്യായം സ്പഷ്ടമാണ്. മാതാപിതാക്കന്മാർ ദൈവത്തോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ദൈവം പ്രഥമ കാരണവും മാതാപിതാക്കന്മാർ ദ്വിതീയ കാരണങ്ങളും മാത്രമെ ആകുന്നുള്ളു. അതിനാൽ കൂടുതൽ സ്നേഹം ദൈവത്തിലാണ് സ്ഥിതി ചെയ്യുന്നതു്. ആയതു നിത്യകാലം മുതൽക്കുള്ളതുമാകുന്നു. "നിത്യമായ സ്നേഹത്താൽ നി-

ന്നെ ഞാൻ സ്നേഹിച്ചു" എന്നു് ദൈവം റോമ്മാ ൫-ാം അദ്ധ്യായം ൮-ാം വാക്യത്തിൽ അരുളിച്ചെയ്തിരിക്കുന്നു. ഈ സ്ഥിതിക്കു ദൈവത്തിൻെറ സ്നേഹം മാതാപിതാക്കന്മാരുടെ സ്നേഹത്തെക്കാൾ എത്രയൊ വലുതായിരിക്കുന്നു!

൫. ദൈവം നമ്മെ അത്യന്ത സ്നേഹത്തോടുകൂടി പരിപാലിച്ചുവരുന്നു. ഈ സത്യം വിശുദ്ധ മത്തായി സുവിശേഷം ൬-ാം അദ്ധ്യായം ൨൫-൩൪ വാക്യങ്ങളിൽ നമ്മുടെ കൎത്താവു് ഈശോമ്ശിഹാ വ്യക്തമായി പ്രസ്താവിക്കുന്നു.

൬. എന്നാൽ നമ്മുടെ ഹൃദയത്തിന്നു വലിയ ആശ്വാസത്തെ ഉളവാക്കുന്ന ദൈവപരിപാലനത്തെക്കുറിച്ചു വിശുദ്ധ ലൂക്കാ സുവിശേഷത്തിൽ ദിവ്യരക്ഷകൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: "രണ്ടു കാശിന്നു അഞ്ചു കുരികിൽ പക്ഷികൾ വില്ക്കപ്പെടുന്നില്ലയൊ? ഇവയിൽ ഒന്നിനെയും ദൈവം മറന്നുകളയുന്നില്ല. എന്നാൽ നിങ്ങളുടെ തലയിലെ മുടികൾകൂടെയും എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങൾ പേടിക്കേണ്ടാ. നിങ്ങൾ അനേക കുരികിൽ പക്ഷികളെക്കാൾ വിലപിടിച്ചവരാകുന്നു." (ലൂക്കാ. ൧൨. ൬. ൭.) വലിയ സ്നേഹമുള്ള തള്ളമാൎക്കു കൂടിയും തങ്ങളുടെ പ്രേമഭാജനങ്ങളായ ഉണ്ണികളെ ഇപ്രകാരം പരിപാലിപ്പാൻ സാധിക്കുമോ?

൭. മാനുഷൻ ദൈവത്തിൻെറ സ്നേഹത്തെ ഓൎക്കാതെ പാപത്തിൽ വീണു മൃഗതുല്യനായി തീൎന്നിട്ടും, അനുഗ്രഹമുള്ള പിതാവായ ദൈവം അവനെ ഉപേക്ഷിച്ചില്ല; അവൻെറമേൽ ദയതോന്നി തൻെറ ഏകപുത്രനെതന്നെ അവൻെറ രക്ഷയ്ക്കുവേണ്ടി ലോകത്തിലേക്കു യാത്രയാക്കി. ദൈവസ്നേഹത്തിൻെറ ഈ പരമരഹസ്യത്തെ ദൈവപുത്രൻ നമുക്കു വെളിപ്പെടുത്തിക്കൊണ്ടു യോഹന്നാൻെറ സുവിശേഷത്തിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: "തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവനെ പ്രാപിക്കുന്നതിന്നായി തൻെറ ഏക പുത്രനെതന്നെ തരുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ ൩. ൧൬). അബ്രാഹം പിതാവു് തൻെറ ഏകപുത്രനെ ദൈവത്തിന്നു ബലികഴിപ്പാൻ തുടങ്ങിയപ്പോൾ ദൈവത്തിൻെറ നേരെയുള്ള പൂൎണ്ണസ്നേഹം വെളിപ്പെടുത്തിയതുപോലെ, ദൈവം തൻെറ ഏകപുത്രനെ മനുഷ്യരുടെ രക്ഷക്കായിട്ടു സമൎപ്പിച്ചപ്പോൾ മനുഷ്യരുടെമേൽ തനിക്കുള്ള അളവററ സ്നേഹത്തെ സകലൎക്കും തെളിവായി കാണിച്ചിരിക്കുന്നു.

൮. ഇതിനാൽ വിശുദ്ധ യോഹന്നാൻ ശ്ലീഹാ പിതാവായ ദൈവത്തിൻെറ സ്നേഹത്തെ സകലൎക്കും ചൂണ്ടിക്കാണിച്ചുകൊണ്ടു, "നാം ദൈവപുത്രർ എന്നു വിളിക്കപ്പെടുവാനും അപ്രകാരമാകുവാനും തക്കവണ്ണം പിതാവു് (ആയ ദൈവം) നമ്മുടെമേൽ എത്രയൊ വലിയ സ്നേഹത്തെ ചിന്തിയിരിക്കുന്നു എന്നു നിങ്ങൾ നോക്കുവിൻ" (൧ യോഹന്നാൻ ൩. ൧.) എന്നു പറയുന്നു. സാക്ഷാൽ പാപത്താൽ നശിച്ച മനുഷ്യൻ നിത്യ ശിക്ഷയിൽനിന്നു രക്ഷപെടുന്നതും, ദൈവപുത്രതുല്യമായ സ്ഥാനവും അവകാശങ്ങളും വീണ്ടും പ്രാപിക്കുന്നതും ദൈവപുത്രൻ ഈശോമ്ശിഹായുടെ മാനുഷാവതാരവും കുരിശുമരണവും മൂലമാകുന്നു.

൯. ഗാഢമായ ആലോചനക്കു അശക്തരായ പാമരന്മാൎക്കുകൂടെയും എളുപ്പത്തിൽ ഗ്രഹിപ്പാൻ തക്കവണ്ണം മനുഷ്യരുടെമേൽ ദൈവത്തിനുള്ള അളവില്ലാത്ത സ്നേഹം, മദ്ധ്യാഹ്നസമയംപോലെ പ്രകാശിക്കുന്നതു ഗാഗുൽത്താമലയിലാകുന്നു. ഗാഗുൽത്താമല ദൈവസ്നേഹത്തിൻെറ പ്രസിദ്ധരംഗസ്ഥലമാകുന്നു. ഇവിടെ ദൈവപുത്രൻ ഈശോമ്ശിഹാ എനിക്കുവേണ്ടി, എൻെറ രക്ഷക്കായി കുരിശിന്മേൽ തൂങ്ങിമരിച്ചു എന്നു ഓൎത്തു വിചാരിക്കുന്ന ഏതു മനുഷ്യൻെറയും ഹൃദയം ദൈവസ്നേഹത്താൽ കത്തിജ്ജ്വലിക്കാതിരിക്കയില്ല. തിരുസ്ഥലങ്ങളെ സന്ദൎശിച്ച തിരുയാത്രക്കാരിൽ പ്രൊവൻസ് നാട്ടുകാരനായ ഒരു ഭക്തൻ ഗാഗുൽത്താമലയിൽ തിരുക്കുരിശു നാട്ടിയ സ്ഥലത്തുവന്നപ്പോൾ, "അയ്യോ! ഇവിടെ എൻെറ കൎത്താവീശോമ്ശിഹാ എനിക്കുവേണ്ടി കുരിശിൽ തൂങ്ങി മരിച്ചല്ലൊ!!" എന്നു നിലവിളിച്ചുകൊണ്ടു ദുഃഖാധിക്യത്താൽ ചങ്കുപൊട്ടി മരിച്ചവിവരം വിശുദ്ധ ഫ്രാൻസിസ്സ്ലോസ്

തെസാലേസ് എഴുതിയിരിക്കുന്നു. നാലു സുവിശേഷങ്ങളിലും വിവരമായി പറയപ്പെട്ടിരിക്കുന്ന നമ്മുടെ കത്താവിന്റെ കഷ്ടാനുഭവചരിത്രം മനസ്സിരുത്തി വായിക്കുന്ന സകലരും നമ്മുടെ കത്താവിനെ സ്നേഹിക്കും. "നമ്മുടെ പാടുകളെ സത്യമായി താൻ സഹിച്ചു, നമ്മുടെ പീഡകളെ താൻ അനുഭവിച്ചു. .. നമ്മുടെ പാപങ്ങളെക്കുറിച്ചു താൻ മുറിവേററു; നമ്മുടെ ദുഷ്ടതയെക്കുറിച്ചു താൻ നുറുങ്ങി" (ഏശയ്യ ൫൩. ൪–൫) എന്ന് ഏശയ്യാ ദീഘദശി മുൻകൂട്ടി അറിയിച്ചതുപോലെ, പാപികളായ നാം അനുഭവിക്കേണ്ട പാടുകളും പീഡകളും കുററമില്ലാത്തവനായ കത്താവ് നമുക്കുവേണ്ടി സഹിച്ചു, നമ്മുടെ പാപങ്ങളെക്കുറിച്ചു താൻ വധിക്കപ്പെട്ടു എന്നു ധ്യാനിക്കുന്നവരുടെ ഹൃദയങ്ങളിൽ ദൈവസ്നേഹാ കത്തിജ്ജ്വലിക്കാതെയിരിക്കയില്ല. വിശുദ്ധ പൗലോസ് ശ്ലീഹാ തന്നെ ഇതിനുത്തമദൃഷ്ടാന്തമാണ്. ഇദ്ദേഹം കോറീന്ത്യക്ക എഴുതിയ ദ്വിതീയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. "താൻ ഒരുത്തൻ എല്ലാവക്കുംവേണ്ടി മരിച്ചു, അപ്പോൾ എല്ലാവരും തനിക്കായി മരിച്ചു എന്നു നാം ധ്യാനിക്കയിൽ മ്ശിഹായുടെ സ്നേഹം നമ്മെ നിബ്ബന്ധിക്കുന്നു. താൻ എല്ലാവക്കുംവേണ്ടി മരിച്ചതു, ജീവിക്കുന്നവർ തങ്ങൾക്കായി ജീവിക്കാതെ തങ്ങൾക്കുവേണ്ടി മരിച്ച് ഉത്ഥാനംചെയ്ത ആളിന്നായിജീവിക്കേണ്ടതിന്നായിട്ടാകുന്നു". ✻ (൨ കോറീന്ത്യർ ൫. ൧൪-൧൫) നമ്മുടെ കത്താവിന്റെ കഷ്ടാനുഭവത്തിന്മേൽ ഭക്തിപൂർവ്വം ധ്യാനിച്ചുകൊണ്ടു "വീയസാക്ര" അഥവാ കുരിശിന്റെ വഴി അനുഷ്ഠിക്കുന്നയാൾ "ഇനി ഞാൻ ജീവിക്കുന്നുവെങ്കിൽ നിനക്കായിട്ടുമാത്രം ജീവിപ്പാൻ മനസ്സായിരിക്കുന്നു." എന്നു പ്രാത്ഥിക്കുന്നതിന്റെ സാരവും ഇതുതന്നെ ആകുന്നു. വിശുദ്ധ ബൊനവെന്തുരാ തുടങ്ങിയുള്ള പരിശുദ്ധന്മാർ കത്താവിന്റെ കഷ്ടാനുഭവത്തിന്മേലുള്ള ധ്യാനം ദൈവസ്നേഹത്തിൽ വദ്ധിക്കുന്നതിന്നു ഉത്തമമായ മാഗ്ഗമാണെന്നു പഠിപ്പിക്കുന്നതിന്റെ രഹസ്യവും സ്പഷ്ടമാണ്.

൧൦. "ഒരുത്തൻ സ്വസ്നേഹിതന്മാക്കുവേണ്ടി ആയുസ്സിനെ കൊടുക്കുന്നതിനെക്കാൾ ഏററം വലിയ സ്നേഹമില്ല." (യോഹന്നാൻ ൧൫. ൧൩) എന്നു നമ്മുടെ കത്താവു തന്നെ അരുളിച്ചെയ്തിരിക്കുന്നു. ഈ സ്ഥിതിക്കു നമുക്കുവേണ്ടി താൻ മരിച്ചതിനാൽ നമ്മെ അത്യന്തം സ്നേഹിച്ചു എന്നു മ്ശിഹാ നമ്മെ പഠിപ്പിക്കുന്നു.

൧൧. ഇതിനാൽ നമ്മുടെ കത്താവിന്റെ പ്രിയപ്പെട്ട ശിഷ്യനായ വിശുദ്ധ യോഹന്നാൻ "നമുക്കുവേണ്ടി തന്റെ ജീവനെ കയ്യാളിച്ചതിൽനിന്നു ദൈവത്തിന്നു നമ്മുടെനേരെയുള്ള സ്നേഹം നാം അറിയുന്നു" (൧ യോഹന്നാൻ ൩. ൧൬) എന്നു പറയുന്നു.

൧൨. സ്വന്ത ആയുസ്സിനെ കൊടുക്കുന്നതിനെക്കാൾ വലിയ സ്നേഹമുണ്ടോ? എന്നാൽ നമ്മുടെ കത്താവു നമുക്കുവേണ്ടി മരിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ, തന്റെ ദൈവികശക്തിയെ പ്രയോഗിച്ചു, ലോകാവസാനത്തോളം നമ്മോടുകൂടിയിരിക്കുന്നതിനും, നമ്മിൽ ഓരോരുത്തനും തന്റെ തിരുശ്ശരീരവും ചോരയും തന്നെ മുഴുവനും തന്നുകൊണ്ടു നമ്മോടു പൂണ്ണമായി യോജിക്കുന്നതിനും, തന്റെ തിരുമരണത്തിന്റെ ഓമ്മ സത്യമായി ദിവസേന ഉണ്ടാകുന്നതിനും വേണ്ടി പരിശുദ്ധ കുബ്ബാനയെ സ്ഥാപിച്ചു. ഈ സംഗതിയെപ്പററി പ്രിയശിഷ്യനായ യോഹന്നാൻ ഇപ്രകാരം സുവിശേഷത്തിൽ പറയുന്നു: "പെസഹാത്തിരുനാളിന്നുമുമ്പു ഈ ലോകം വിട്ടു തന്റെ പിതാവിന്റെ പക്കലേക്കു പോകേണ്ട സമയം വന്നിരിക്കുന്നു എന്നു ഈശോ അറിഞ്ഞ്, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചു,

---

✻ വേദപുസ്തക തർജ്ജമയിൽ സുറിയാനി പ്ശീത്താ പ്രതിയാകുന്നു ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ലത്തീൻ വുൾഗാത്ത പ്രതിയെക്കാൾ പല ഭാഗങ്ങളിലും ഏററം വ്യക്തമായ അത്ഥം സുറിയാനി പ്ശീത്താ നൽകുന്നതുകൊണ്ടു ദൈവശാസ്ത്രപണ്ഡിതന്മാർ ഇതിനെ വളരെ വിലയുള്ളതായി ഗണിച്ചുവരുന്നു. ഇംഗ്ലീഷ്, ഇററാലിയൻ മുതലായ ബൈബിൾകളും ലത്തീൻ വുൾഗാത്താ പ്രതിയെ ആശ്രയിച്ചിരിക്കുന്നു.

അവസാനത്തോളം അവരെ സ്നേഹിക്കുകയും ചെയ്തു" (യോഹന്നാൻ ൧൩. ൧). അത്ഭുതങ്ങളുടെ ഒരു സംഗ്രഹവും, മനുഷ്യരുടെമേൽ ദൈവത്തിന്നുള്ള അളവററ സ്നേഹത്തിന്റെ അച്ചാരവുമായിരിക്കുന്ന പരിശുദ്ധ കുർബാനയുടെ ദാനത്തെക്കുറിച്ചു വിശുദ്ധ അഗുസ്തീനോസ് മല്പാൻ ഇപ്രകാരം പറയുന്നു. "ദൈവം സർവ്വശക്തനായിരുന്നാലും, ഇതിനെക്കാൾ അധികം തരുവാൻ വശമില്ല; താൻ സർവ്വജ്ഞാനമുള്ളവനായിരുന്നാലും ഇതിലധികം തരുവാൻ അറിഞ്ഞുകൂടാ; താൻ സർവ്വസമ്പന്നനായിരുന്നാലും, ഇതിലധികം തരുവാൻ തനിക്കില്ല". സാക്ഷാൽ തന്നെ മുഴുവൻ തരുന്നതിനേക്കാൾ വലിയ ദാനമേതു?

ക്രിസ്തീയാത്മാവേ! ദൈവം നിന്നെ എങ്ങിനെ സ്നേഹിക്കുന്നു എന്നു സൂക്ഷിക്കുക. നിന്നെ തന്റെ രൂപത്തിൽ സൃഷ്ടിച്ചു. ഒരു പിതാവു് സ്വന്തമക്കളുടെമേൽ ദയയുള്ളവനായിരിക്കുന്നതിനേക്കാൾ നിന്റെമേൽ താൻ ദയയുള്ളവനാകുന്നു. ഒരു തള്ള സ്വന്ത കുഞ്ഞിനെ സ്നേഹിക്കുന്നതിനേക്കാൾ അധിക സ്നേഹത്തോടെ താൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ തലമുടിപോലും തന്റെ അറിവും സമ്മതവും കൂടാതെ നഷ്ടപ്പെടാതിരിക്കത്തക്കവണ്ണം താൻ താല്പര്യമായി പരിപാലിക്കുന്നു. ഇത്ര ദൃഢമായി സ്നേഹിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെ നീ മറക്കുകയും തന്നോടു മറുത്തു പാപം ചെയ്കയും ചെയ്തിട്ടും താൻ നിന്നെ ഉപേക്ഷിക്കാതെ നിന്റെ രക്ഷക്കായി തന്റെ ഏക കുമാരനെ യാത്രയാക്കി. ഈ ദിവ്യരക്ഷകൻ നിന്നെ സ്നേഹിക്കയും നിനക്കുവേണ്ടി മരിക്കയും, പരിശുദ്ധ കുർബാനയിൽ തന്നെ മുഴുവനും നിനക്കു തരികയും ചെയ്തിരിക്കുന്നു. ഇപ്രകാരം അളവററവിധത്തിൽ നിന്നെ സ്നേഹിക്കുന്ന ദൈവത്തിന്നു പ്രതിസ്നേഹം കാണിക്കാതിരുപ്പാൻ പാടുണ്ടോ?

ഫദർ അലക്സാണ്ടർ സി. ഡി.

---

## ഒരു മാതൃകാപുരുഷൻ.

(തുടർച്ച)

അവസരം കിട്ടിയപ്പോഴൊക്കെയും മതസംബന്ധമായ വിഷയങ്ങളെപ്പററിയുള്ള ഉപദേശങ്ങൾമൂലമായി അൽഫോൻസസ് ആത്മാക്കളുടെ രക്ഷക്കുവേണ്ടി പ്രയത്നിച്ചുവന്നു. പാൽമാ പട്ടണത്തിലെ പൌരന്മാർക്കുവേണ്ടി അവിടെ ദൈവമാതാവിന്റെ ഒരു സംഘം ഏർപ്പെടുത്തി. അൻഫോൻസസ് ഹോളിൽ പ്രവേശിക്കുമ്പോൾ ഉപദേശം പറയുന്നതിനായി സംഘാദ്ധ്യക്ഷനായ വൈദികൻ പലപ്പോഴും ഇദ്ദേഹത്തെ നിർബന്ധിക്കാറുണ്ടായിരുന്നു. തന്റെ അസാധാരണമായ വിനയം ഹേതുവാൽ വളരെ വൈമനസ്യത്തോടേ ആണെങ്കിലും മററുള്ളവരെ സന്മാർഗ്ഗത്തിൽ നയിക്കുന്നതിന്നു യഥാശക്തി ചെയ്യുവാൻ ഇതും ഒരവസരമാണെന്നു വിചാരിച്ചു് ഈ ജോലിയും സസന്തോഷം നിർവ്വഹിച്ചിരുന്നു. തത്സമയങ്ങളിൽ ഇദ്ദേഹത്തിന്റെ സ്വർഗ്ഗീയവക്ത്രം ദർശിക്കുന്നതിനും മധുരിമയെ ശ്രവിക്കുന്നതിനും സഭാംഗങ്ങൾ പ്രാസംഗികന്റെ ചുററിലും കൂടാതിരിക്കയില്ല. അൽഫോൻസസ് പ്രസംഗം പറയുവാൻ പോകുന്നു എന്നു മുൻകൂട്ടി അറിയുന്നതിനു സംഗതിയായാൽ വൈദികരും ലൌകികരുമായി അനവധി ആളുകളെക്കൊണ്ടു ഹോൾ മുഴുവൻ നിറയും. സത്യവേദപ്രചാരണത്തിനായി അൽഫോൻസ് ഉപയോഗിച്ചിരുന്ന പ്രധാന മാർഗ്ഗങ്ങളിൽ ഒന്നു്, പ്രാർത്ഥനയായിരുന്നു. അദ്ദേഹം മനുഷ്യവർഗ്ഗം മുഴുവനെയും ഗാഢമായി സ്നേഹിക്കയും എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി സദാ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ആരും ദൈവത്തെ ഉപദ്രവിച്ചു് നരകശിക്ഷയ്ക്കു വിധിക്കപ്പെ

ടാതിരിക്കുന്നതിനുവേണ്ടി താൻതന്നെ നരകവേദന മുഴുവനും അനുഭവിക്കാൻ സന്നദ്ധനാണെന്നു് ശ്രേഷ്ഠൻെറ കല്പനപ്രകാരം സൂക്ഷിച്ചിരുന്ന ഡയറിയിൽ, എഴുതിയിട്ടുണ്ടു്. പാപികളായ മനുഷ്യരോടുള്ള അനുകമ്പയുടെയും ആത്മാവുകളുടെ രക്ഷയിലുള്ള ആഗ്രഹത്തിൻെറയും ദാർഢ്യത്താൽ മററു വിചാരങ്ങളിലേക്കു കൂടി അദ്ദേഹത്തിൻെറ മനസ്സിനെ ദൈവം മാററിയിരുന്നില്ലെങ്കിൽ, അകാലമായി മരിച്ചുപോകുമായിരുന്നു. ലോകത്തിലുള്ള എല്ലാവരെയും ദൈവശുശ്രൂഷയിൽ സഹായിക്കുന്നതിനുവേണ്ടി ഓരോരുത്തക്കും അദ്ധ്യാത്മികവാക്യങ്ങൾ എഴുതിക്കൊടുക്കുന്നതിനു് തയ്യാറാണെന്നും അദ്ദേഹം ഡയറിയിൽ എഴുതിയിരിക്കുന്നു. ആത്മാവുകളുടെ രക്ഷയ്ക്കായുള്ള തൻെറ സീമാതീതമായ തീക്ഷ്ണതനിമിത്തം അനവധി ആളുകളോടു് ഒരേ സമയത്തുതന്നെ പല സ്ഥലങ്ങളിൽവച്ചു സംഭാഷണം ചെയ്യുന്നതിനുള്ള വിശേഷവരവും അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതായി അറിയപ്പെട്ടിട്ടുണ്ടു്. സത്യവേദത്തെക്കുറിച്ചു പ്രസംഗിച്ചിരുന്ന വൈദികരോടുകൂടി യാത്ര ചെയ്യുകയും അവരുടെ പ്രസംഗങ്ങൾ ഫലപ്രദങ്ങളാകുന്നതിനു് ദൈവമാതാവിനോടു അപേക്ഷിക്കുകയും ചെയ്യുക പതിവായിരുന്നു. പലേ അവസരങ്ങളിലും ദൈവജനനി പ്രസംഗകത്താക്കളെ പ്രത്യക്ഷമായി സഹായിച്ചിട്ടുണ്ടെന്നു അൽഫോൻസസ് എഴുതിയിട്ടുണ്ടു്. ഈ പുണ്യവാൻെറ ജീവിതത്തിൽനിന്നും ആത്മാവുകളുടെ രക്ഷയ്ക്കുവേണ്ടി വൈദികേതരന്മാക്കും പല പ്രകാരത്തിൽ പ്രയോജനകരമായി പ്രയത്നിക്കാമെന്നു തെളിയുന്നുണ്ടല്ലോ. ഇദ്ദേഹം ഉപയോഗിച്ചിരുന്ന പ്രധാനസാമഗ്രികളായ സന്മാതൃക, ജ്ഞാനസംഭാഷണം, പ്രാത്ഥന മുതലായതുകൾ ഏതു് "അന്തസ്സി"ൽ ഉള്ളവക്കും ഉപയോഗിക്കാവുന്നതുമാകുന്നു.

എ. ജെ. വറുഗീസ് ബി. എ. എൽ. ടി.

## ഇതു ചരിത്രമോ കഥയോ?

രങ്കസ്വാമി ജന്മനാ തന്നെ ഒരു ചിന്തകനാണെങ്കിലും മൃഗയാവിനോദത്തിൽ വലിയ ഭ്രമമുള്ള കൂട്ടത്തിലാണു്. അഷ്ടിയ്ക്കു കഷ്ടിച്ചു മുട്ടുകയേ ഉള്ളൂ. തഞ്ചാവൂർ രാജാവിൻെറ അനുചരന്മാരോടുകൂടി, അയാൾ നായാട്ടിനു് പോവുക പതിവാണു്. ഒരിക്കൽ രാജാവു് പരിവാരസമേതം നായാട്ടിന്നു പോവുകയും ചുററിത്തിരിഞ്ഞു ഒരു ഘോരവനത്തിൽ പ്രവേശിക്കുകയുംചെയ്തു. അനുചരന്മാർ വന്യ മൃഗങ്ങളെ അന്വേഷിച്ചു ഓരോ വഴിക്കും പുറപ്പെട്ടു. രാജാവും രങ്കസ്വാമിയും തനിയെ ഒരു പുലിഅളയുടെ സമീപത്തെത്തി. ഝടിതിയിൽ ഒരു പുലി ചാടി രാജാവിനോടു് എതിത്തു. രങ്കസ്വാമി ഉത്തരക്ഷണത്തിൽ വാളുകൊണ്ടു പുലിയെ കഠിനമായി മുറിവേല്പിച്ചതിനാൽ രാജാവു രക്ഷപെടാനിടയായി. അന്നുമുതൽ സ്വാമിയ്ക്കു നല്ലകാലം ആരംഭിച്ചു. രാജാവു അയാൾക്കു അനവധി ദ്രവ്യം നൽകിയതുകൂടാതെ കുറെ സ്ഥലം കരമൊഴിവായി കൊടുക്കുകയും ചെയ്തു. അയാളുടെ യുവതിയായ ഭാര്യയ്ക്കും രണ്ടു പുത്രന്മാക്കും സുഖമായി നിത്യവൃത്തി കഴിക്കരുതോ? ഇനി പണ്ടത്തേപ്പോലെ പ്രയത്നിക്കണമെന്നില്ല. ബന്ധുമിത്രാദികളുടെ സ്നേഹാദരങ്ങളോ? അവയും രങ്കസ്വാമിയ്ക്കു സിദ്ധമായി. ഒരു വാക്കിൽ സവ്വവിധമായ ഐഹിക സുഖങ്ങളും അയാൾക്കു ലഭിച്ചു എന്നു പറയാം. ഇനി ഭാര്യയുടെ പ്രണയമസൃണമായ പരിചരണവും സന്താനങ്ങളുടെ ഹഷപൂവ്വമായ ചുംബനങ്ങളും അയാൾക്കു രാവും പകലും ഒന്നുപോലെ അനുഭവിക്കാം. എങ്കിലും സ്വതേതന്നെ ഒരു തത്വാന്വേഷി ആയിരുന്ന രങ്കസ്വാ

മിസ്റ്റു ഇതുകൊണ്ടൊന്നും തൃപ്തിവന്നില്ല. ഇനിയും എന്തോ ലഭിക്കുവാനുള്ളതായി അയാൾക്കു തോന്നി. അജ്ഞാതവും അതിശ്രേഷ്ഠവും ആയ ഏതോ ഒരു സൌഭാഗ്യം അയാളെ അതിശക്തിയോടെ ആകർഷിച്ചു. ഈ സൌഭാഗ്യം ലഭിക്കുന്നതിന്നു കുടുംബത്തെപ്പരിത്യജിക്കാതെ കഴികയില്ലെന്നുള്ള വിചാരം അയാളെ വളരെ പീഡിപ്പിക്കാതിരുന്നില്ല. തൻെറ പത്നിയുടെ സ്നേഹപുരസ്സരമായ ശുശ്രൂഷയും, വിശ്വാസപൂർണ്ണമായ ഭക്തിയും ഓർക്കുമ്പോൾ ആ സ്ത്രീരത്നത്തെ എങ്ങിനെയാണു ഉപേക്ഷിക്കുക? എങ്കിലും മനസ്സാക്ഷിക്കനുസൃതമായി പ്രവൎത്തിക്കാത്തവനേക്കാൾ ഭീരുവായിട്ടു ഇഹത്തിലാരുള്ളൂ? ഒരു രാത്രിയിൽ ഭാൎയ്യയും പുത്രന്മാരും ഉറങ്ങിക്കിടക്കുകയിൽ അവരെ, ഉപേക്ഷിച്ചു പുറപ്പെടുന്നതിന്നു തന്നെ രങ്കസ്വാമി നിശ്ചയിച്ചു. സ്വഗൃഹത്തേയും തൻെറ പ്രേമഭാജനങ്ങളേയും ഒരിക്കൽക്കൂടി നോക്കിയുംവച്ചു അവിടെനിന്നും ഇറങ്ങിത്തിരിച്ചു. "ഐഹികസുഖങ്ങൾ അനശ്വരങ്ങളാണ്. ബ്രഹ്മസായൂജ്യത്തിന്നായി ഭാൎയ്യയേയും കുട്ടികളേയും ഉപേക്ഷിക്കതന്നെ വേണം. ചിദംബരത്തിലുള്ള പ്രസിദ്ധ യോഗികൾ എത്രയോ ഭക്തന്മാർ! അവരുടെ വേദജ്ഞാനം എത്രയോ അഗാധം! അവരുടെ പാദസ്പൎശനത്തിന്നുപോലും ഞാൻ യോഗ്യനല്ല! എങ്കിലും അവിടെ പ്രവേശം ലഭിക്കുമോ എന്നു നോക്കുകതന്നെ."

രങ്കസ്വാമി വീട്ടിൽനിന്നു പുറപ്പെട്ടു നേരെ മഠത്തിലേക്കാണു പോയതു്. അയാൾ അസാമാന്യ ബുദ്ധിമാനായിരുന്നതുകൊണ്ടു് അധികകാലവിളംബം കൂടാതെ മഠാധിപൻെറയും, മററു സന്ന്യാസികളുടേയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായി.

എട്ടു വൎഷത്തോളം അവിടെ യോഗാഭ്യാസം ചെയ്തു. "വേദശാസ്ത്രപുരാണേതിഹാസകാവ്യങ്ങ"ളിൽ എന്നുമാത്രമല്ല, വൈദ്യശാസ്ത്രത്തിലും രസതന്ത്രത്തിലും അദ്ദേഹം അസാധാരണമായ ജ്ഞാനം സമ്പാദിച്ചു. അതിൻെറ ശേഷം ചിദംബരസന്ന്യാസികളുടെപതിവിൻപ്രകാരം, പരോപകാരാൎത്ഥം ദേശാടനം ചെയ്യുന്നതിന്നായി പുറപ്പെട്ടു. ആദ്യമെതന്നെ കാശിയിൽചെന്നു് ഗംഗയിലെ പുണ്യജലത്തിൽ കുളിച്ചതിൻെറശേഷം രാമേശ്വരം മുതലായ മററു തീൎത്ഥസ്ഥലങ്ങളും തിരുവിതാംകൂർ, കൊച്ചി മുതലായ നാട്ടുരാജ്യങ്ങളും സന്ദൎശിച്ചു. യാത്രാകാലങ്ങളിൽ ശേഖരിച്ച മരുന്നുകൾകൊണ്ടു് അസംഖ്യം രോഗികളെ സുഖപ്പെടുത്തി. ചികിത്സയിൽ രങ്കസ്വാമി അന്ന്യാദൃശമായ പാടവം പ്രദൎശിപ്പിച്ചിരുന്നു. പല "പൊറുക്കാവ്യാധി"കളും അദ്ദേഹം ശമിപ്പിച്ചു. രങ്കസ്വാമി ഇങ്ങനെ സമസൃഷ്ടങ്ങളുടെ പീഡകളെ ശമിപ്പിക്കട്ടെ. അയാളുടെ ഭാൎയ്യയുടേയും മക്കളുടേയും സ്ഥിതി ഇപ്പോൾ എന്താണെന്നു നമുക്കു ഒന്നു ആലോചിക്കതന്നെ.

നേരം വെളുത്തപ്പോൾ ഭൎത്താവിനെ വീട്ടിൽക്കാണ്മാനില്ല. "വല്ല ജോലിക്കും നേരത്തെ എഴുന്നേററു പോയതായിരിക്കാം. എങ്ങിനെയെങ്കിലും പതിവുപോലെ രാത്രിയാകുന്നതിന്നു മുമ്പിൽ മടങ്ങി വരാതിരിക്കയില്ല" ഈ വിധ വിചാരങ്ങളാൽ ആ സാധ്വി സമാധാനപ്പെട്ടു. പക്ഷെ സന്ധ്യ കഴിഞ്ഞിട്ടും രങ്കസ്വാമിയെക്കാണ്മാനില്ല. ഒരു ദിവസമായി, രണ്ടു ദിവസമായി; മൂന്നു ദിവസമായി; എന്നിട്ടും യാതൊരു തുമ്പും ഉണ്ടായില്ല. ഇങ്ങനെ മാസം ഒന്നായി. അവളുടെ ദുഃഖം ആരോടു പറയുന്നു? ബാലന്മാരുടെ വിദ്യാഭ്യാസം ആരംഭിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇങ്ങനെ ഇരിക്കയിൽ കുറെ മുമ്പു ക്രിസ്തുമതത്തിൽ ചേൎന്ന ഒരു അയൽവാസിയുടെ ശുപാൎശപ്രകാരം, തൃശ്ശിനാപ്പള്ളിയിലെ അനാഥ മഠത്തിലേക്കു് രണ്ടു കുട്ടികളേയും അയച്ചു. കുട്ടികളുടെ അസാധാരണ ബുദ്ധിവൈഭവം കണ്ടിട്ടു് മഠാധികാരികൾ അവരെ ജസ്വീത്തരുടെ വകയായ സെൻറു ജോസഫ്സ് കോളജിൽ ചേൎത്തു. ഏറെത്താമസിയാതെ തന്നെ കുട്ടികൾ രണ്ടുപേരും ജ്ഞാനസ്നാനം സ്വീകരിച്ചു. മൂത്തപുത്രന്നു "ജ്ഞാനപ്രകാശ"മെന്നും, രണ്ടാമത്തെ ബാലന്നു "സൂസ" എന്നും പേരിട്ടു. ഇവർ ഒരിക്കലും തോൽക്കാതെ പഠിച്ചു മട്രിക്കലേഷൻ ക്ലാസിൽ എത്തി. ഒരിക്കൽ മററു കുട്ടികളുമൊരുമിച്ചു ഇവ

ർ "ലാത്താൻ" പോയി മടങ്ങി വരികയിൽ കോളജിൻെറ വാതുക്കൽ ഒരാൾ ഇരിക്കുന്നതു കണ്ടു. അയാൾ കാഷായ വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. നെററിയിലും മാറത്തും ഭസ്മം ധാരാളം തേച്ചിട്ടുണ്ട്. അതേ സാധനം തന്നെയായിരിക്കാം കയ്യിൽ ഒരു മടിശ്ശീലയിൽ പിടിച്ചിരിക്കുന്നതും. വിദ്യാൎത്ഥികൾക്കു ഇങ്ങനെയുള്ള വേഷക്കാരോടു സംഭാഷണം ചെയ്യുന്നതിന്നു സ്വാഭാവികമായിത്തന്നെ ഒരു കൌതുകമുണ്ടല്ലൊ. സന്ന്യാസി നോക്കുന്നത് മൂത്ത കുട്ടി കണ്ടു. വിദ്യാൎത്ഥികളോടുകൂടി സന്ന്യാസിയും പടിവാതൽ കടന്നു അകത്തു കയറി. 'ജ്ഞാനപ്രകാശ'ത്തേയും 'സൂസ'യേയും തട്ടത്തു നിറുത്തിക്കൊണ്ടു അയാൾ ഇപ്രകാരം പറഞ്ഞു. "ഞാൻ നിങ്ങളുടെ അച്ഛനാണ്. നിങ്ങൾ ഈ മഹാ മന്ദിരത്തിൽ വിദ്യാഭ്യാസം ചെയ്യുന്നു എന്നറിയുന്നതിൽ വളരെ സന്തോഷിക്കുന്നു. ഇവിടെയുള്ളവരുടെ മതത്തെപ്പററി ആക്ഷേപമായി ചിലതെല്ലാം ഞാൻ കേട്ടു. എന്നാൽ നിങ്ങൾ ഭാഗ്യവാന്മാരായിത്തീരുമെന്നാണ് എൻെറ ആശംസ്." ഇത്രയും പറഞ്ഞിട്ടു ആ യോഗി ഒരു ചോദ്യത്തിന്നും ഉത്തരത്തിന്നും ഇടകൊടുക്കാതെ അവിടെനിന്നു ഇറങ്ങിപ്പൊയ്ക്കളഞ്ഞു. ജ്ഞാനപ്രകാശം മഹാബുദ്ധിമാനും വിനീതനും ഭക്തനും, സാധുശീലനും ആയ ഒരു യുവാവാണ്. അയാളുടെ അദ്ധ്യാത്മിയ ഗുരുനാഥൻ ഒരിക്കൽ ഇങ്ങനെ ചോദിച്ചു. "ജ്ഞാനപ്രകാശം, നിൻെറ ഭാവിയെപ്പററി നീ ചിന്തിക്കാറില്ലയൊ? ഒരു വൈദികനാകണമെന്നു നിനക്കു ഒരിക്കലും തോന്നിയിട്ടില്ലയോ?" സന്തോഷാശ്രുക്കളെ പൊഴിച്ചുകൊണ്ടു ജ്ഞാനപ്രകാശം മറുപടി പറഞ്ഞു. "ഞാൻ അതേപ്പററി പലപ്പോഴും വിചാരിച്ചിട്ടുള്ളതാണ്; അതു ഹൃദയപൂൎവ്വം ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എങ്കിലും ഇത്ര ഉന്നതമായ ഒരു പദം ലഭിക്കുന്നതിന്ന് എനിക്കു ആഗ്രഹമുള്ളതായി പറയുന്നതിനു എങ്ങിനെ ധൈൎയ്യമുണ്ടാകും?". അന്ന് ജ്ഞാനപ്രകാശം എഫേഎ. വായിക്കുകയായിരുന്നു.

ഒരു ദിവസം രങ്കസ്വാമിയുടെ ഭാൎയ്യ കുട്ടികളുടെ ക്ഷേമാവസ്ഥയേയും പഠനസ്ഥിതിയേയും പററി അറിയുന്നതിന്നായി കോളേജിൽ വരികയുണ്ടായി. അപ്പോൾ തനിയ്ക്ക് ഈശോസഭയിൽ ചേരണമെന്നുണ്ടായിരുന്ന ആഗ്രഹത്തെ ജ്ഞാനപ്രകാശം അമ്മയോടു പറഞ്ഞു. ഭൎത്താവിൻെറ വേർപാടിനു ശേഷം സീമന്തപുത്രനിലായിരുന്നു അവളുടെ സകല ആശ്രയവും വച്ചിരുന്നത്. ആ പുത്രൻ ഇതാ ഇപ്പോൾ അന്യ മതാനുസാരി ആയി എന്നു മാത്രമല്ല; പ്രിയ മാതാവിനേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ചു സന്ന്യാസപ്പട്ടക്കാരനാകുവാൻ പോവുകയും ചെയ്യുന്നു. ഹിന്തുമതാനുസാരിയും നിരാവലംബയും ആയ ആ തരുണി ഇതെങ്ങിനെ സഹിക്കും? അവൾ ബോധരഹിതയായി നിലത്തു വീണുപോയി. ജീവിക്കുന്ന കാൎയ്യംകൂടി സംശയ സ്ഥാനത്തിലായി. തൻെറ പ്രേമ സന്താനങ്ങളുടെ ഭക്തിപൂൎവ്വമായ ശുശ്രൂഷയുടെ ഫലമായി അവർ കണ്ണു തുറന്നു. എങ്കിലും സംസാരിച്ചതു പേയുംപിച്ചുമായിരുന്നു. കുട്ടികൾ പിന്നെയും ശുശ്രൂഷിച്ചു. ജ്ഞാനപ്രകാശം പരിശുദ്ധ കന്യക മറിയത്തോടു പ്രത്യേകമായി പ്രാൎത്ഥിച്ചു. ആ സ്ത്രീ പെട്ടെന്നുവീണ്ടും കണ്ണുതുറന്നു. അശ്രുകണങ്ങൾ ധാരധാരയായി ഒഴുകി. രങ്കസ്വാമിയുടെ ഭാൎയ്യക്കു ബോധം വീണു. അവളുടെ കനിഷ്ഠപുത്രനായ സൂസ ഇപ്രകാരം പറഞ്ഞു:— പ്രിയ അമ്മേ! ജ്യേഷ്ഠൻ ദൈവനിശ്ചയംപോലെ ഈശോസഭയിൽ ചേൎന്നുകൊള്ളട്ടെ. അമ്മയെ ആജീവനാന്തം ഞാൻ രക്ഷിച്ചുകൊള്ളാം." അമ്മ പറഞ്ഞു "പ്രിയമക്കളെ, ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ"

ജ്ഞാനപ്രകാശം, ബി. ഏ. പരീക്ഷ പാസ്സായതിൻെറ ശേഷം ഈശോസഭയുടെ "നവിസ്യാ"ത്തിൽ ചേൎന്നു. പ്രതിദിനം മാതാപിതാക്കന്മാരുടെ മാനസാന്തരത്തിന്നുവേണ്ടി പ്രാൎത്ഥിച്ചുവന്നു. അതുകൊണ്ടു തൃപ്തിപ്പെടാതെ തൻെറ സഹപാഠികളോടും പ്രൊഫസറന്മാരോടും ഈ നിയോഗാൎത്ഥം പ്രാൎത്ഥിക്കണമെന്നു അപേക്ഷിക്കു പതിവായിരുന്നു. വൈദിക പഠനം പൂൎത്തിയായ ശേഷം, കേഴ്സിയോങ്ങിൽവച്ചു ജ്ഞാനപ്രകാശം നവപൂജ അൎപ്പിച്ചു. കുറെ വൎഷങ്ങൾ കഴി

ഞ്ഞു തഞ്ചാവൂരിലെ ഉപദേശിയുടെ ഒരു എഴുത്തു കിട്ടുകയുണ്ടായി.

തഞ്ചാവൂർ.

൩—൩—൧൯൧൯.

"ബഹുമാനപ്പെട്ട അച്ചാ,

ഈ എഴുത്തു അച്ചനു വളരെ സന്തോഷപ്രദമായിരിക്കും. ഒരു ദിവസം ഞാൻ പുതുക്രിസ്ത്യാനികളെ വേദതത്വങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ഹിന്ദുസ്ത്രീ അതിലെവന്നു. ഞാൻ അവരെ വിളിച്ചുവരുത്തി അനുകമ്പാപൂർവ്വം സംസാരിച്ചു. അവൾക്കു ക്രിസ്തുമതത്തെപ്പററി നല്ല വിവരം ഉണ്ടായിരുന്നു. എങ്കിലും ജ്ഞാനസ്നാനപ്പെടുന്നതിന്നു ചില തടസ്സങ്ങളുള്ളതായി പറഞ്ഞു. എൻെറ സമാധാനങ്ങൾ കേട്ടശേഷം പറഞ്ഞതായതു്:—"ശരി ശരി, മാമ്മോദീസാ മുങ്ങുന്നതു എനിക്കു സമ്മതമാണു്. പക്ഷേ എൻെറ ഭർത്താവു ഇപ്പോഴും ഒരു ഹിന്തുവായിരിക്കുമ്പോൾ ഞാൻ എങ്ങിനെയാണു് ക്രിസ്ത്യാനിയാകുന്നതു്? ഭർത്താവു തിരിച്ചുവരികയും ജ്ഞാനസ്നാനം സ്വീകരിക്കയും ചെയ്യുന്നപക്ഷം ഞാനും അങ്ങിനെതന്നെ ചെയ്യാം." ഞങ്ങളുടെ സംഭാഷണമദ്ധ്യേ ഒരു സന്യാസി ഞങ്ങളോട്ടു അത്ര അകലെയല്ലാതെ ഒരിടത്തു വന്നിരുന്നു.

അയാൾ അട്ടപ്പുക്കുട്ടി തികത്തിച്ചു് എന്തോ മന്ത്രങ്ങൾ ജപിച്ചുകൊണ്ടിരിക്കുന്നതായിക്കണ്ടു. ഹൈന്ദവസ്ത്രീ സന്യാസിയെ നോക്കിക്കൊണ്ടു് "ഈ സന്യാസി എൻെറ ഭർത്താവിനെപ്പോലെ ഇരിക്കുന്നല്ലൊ" എന്നു് എന്നോടു രഹസ്യമായി പറഞ്ഞു. കൂടാതെയും ഭർത്താവിൻെറ വിയോഗത്തെപ്പററിയും മററും അവർ സവിസ്തരം എന്നോടു പറഞ്ഞു. ഇതുകേട്ടപ്പോൾ ഞാൻ സന്യാസിയുടെ അടുത്തു ചെന്നു് ഇപ്രകാരം സംസാരച്ചു. "അല്ലയൊ യോഗിൻ! അങ്ങു് ആരാണു്? മരിയന്മാൻ കോവിൽനിന്നു ഇരുപതുവർഷം മുമ്പു ഭാൎയ്യയേയും രണ്ടു കുട്ടികളേയും ഉപേക്ഷിച്ചുംവച്ചു പോയതു് അവിടന്നാണോ?"

"അതേ ഞാൻ തന്നെ."

"അങ്ങേയുടെ ഭാൎയ്യ ഇപ്പോഴും ജീവിച്ചിരിക്കുന്നു. മാത്രമല്ല അവർ ഇപ്പോൾ ഇവിടെയുണ്ടു്. ഭർത്താവു വന്നതിൻെറ ശേഷം ഒരുമിച്ചു മാമ്മോദീസാ മുങ്ങുന്നതിന്നു തയ്യാറായിരിക്കുകയാണു്."

"എൻെറ ഭാൎയ്യയും താനുമായുള്ള സംഭാഷണം ഞാൻ കേട്ടു. അവളെ കണ്ടപ്പോഴെ എനിക്കു മനസ്സിലാവുകയും ചെയ്തു. ഈ സ്ഥലത്തേക്കു എന്നെ എന്തോ അദൃശ്യമായ ഒരു ശക്തി ബലമായി ആകർഷിക്കുന്നതുപോലെ തോന്നി. അതാണു് ഞാൻ ഇവിടെ വരുവാൻ സംഗതിയായതു്. ഇതൊരു വിസ്മയംതന്നെ." ഭാൎയ്യാഭർത്താക്കന്മാർ തമ്മിലുള്ള കൂടിക്കാഴ്ചയെപ്പററി വിസ്തരിക്കുന്നതിനേക്കാൾ ഊഹിക്കയാണു നല്ലതു്. പ്രേമഭാജനത്തേയും സ്വപുത്രന്മാരേയും ഓൎത്തു് അങ്ങയുടെ പിതാവു് എത്രയൊപ്രാവശ്യം കരഞ്ഞിട്ടുണ്ടായിരിക്കണം. എങ്കിലും ഇപ്പോൾ അച്ചൻെറ പ്രാൎത്ഥനാഫലമായി ഇതാ ഇവർ വീണ്ടും തമ്മിൽ കാണുന്നതിനിടയായി. എത്രയും വേഗത്തിൽ ജ്ഞാനസ്നാനപ്പെടണമെന്നു് അവർ ആവശ്യപ്പെട്ടു. കൂടാതെ പുത്രന്മാരായ നിങ്ങളെ ഉടനെ കാണണമെന്നും പറഞ്ഞു. പക്ഷേ അതു ജ്ഞാനസ്നാനം കഴിഞ്ഞിട്ടു മതിയെന്നു സ്ഥലത്തെ വികാരിയച്ചൻ പറഞ്ഞതിൻവണ്ണം സമ്മതിച്ചു. മാമ്മോദീസാ മുങ്ങിയതു ഇന്നലെയാണു്. ഈ എഴുത്തുകിട്ടിയാലുടനെ അച്ചൻ ഇങ്ങോട്ടു പുറപ്പെടണം. അങ്ങേ അനുഗ്രഹം അപേക്ഷിച്ചുകൊണ്ടു നിറുത്തുന്നു.

എന്നു് വിധേയൻ കെ. അരുളപ്പൻ."

ഈ വർഷത്തിൽ ഇളയ പുത്രനായ സൂസപ്പിള്ള എം. ഏ. ബിരുദ സമ്പാദിച്ചു. സഹോദരന്മാർ ഇരുവരും ഒരുമിച്ചു മാതാപിതാക്കന്മാരെ കാണുന്നതിന്നായി പുറപ്പെട്ടു. ദീൎഘകാലത്തെ വിരഹത്തിനു ശേഷം മാതാപിതാക്കളും പുത്രന്മാരും തമ്മിൽ നടന്ന ആ കൂടിക്കാഴ്ച എത്ര ഹൃദയസ്പൃക്കമായിരുന്നിരിക്കണം. സംഭാഷണമദ്ധ്യേ ക്രിസ്തുമതസിദ്ധാന്തങ്ങളിൽ ഏതാണു് അധികം ഇഷ്ടമായിത്തോന്നിയതു് എന്നു സ്വപിതാവിനോടു് ഫാദർ ജ്ഞാനപ്രകാശം എസ്. ജെ. ചോദിച്ചു. "കത്തോലിക്കാ സഭയുടെ പല തത്വങ്ങളും ചിദംബരത്തിൽ ഗ്രഢമായി പഠിപ്പിച്ചുവരുന്നുണ്ടു്. പക്ഷേ ആകാശവും ഭൂമിയും സൃഷ്ടിച്ച

സർവ്വേശ്വരൻ മനുഷ്യരുടെ പാപഹരണാർത്ഥം നരനായി ജനിച്ചുവെന്നും കുരിശിന്മേൽ മരിച്ചുവെന്നും ഹൈന്ദവശാസ്ത്രികൾ പഠിപ്പിക്കുന്നില്ല. ക്രിസ്തുമതത്തിൽമാത്രമേ ഇങ്ങനെ ഒരു തത്വമുള്ളു" എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

മാമ്മോദീസാ മുങ്ങിയശേഷം രങ്കസ്വാമി സഭായ്യനായി മരിയന്മാൻകോവിലിലെ ഉപദേശിയുടെ ഭവനത്തോടടുത്തു വസിച്ചുവന്നു. ഈയിടെ കടലൂർ സെൻറ് ജോസഫ്സ് കോളജ് പ്രിൻസിപ്പാൾ സ്ഥാനം സൂസൈപ്പിള്ള എം. ഏ. ക്കു ലഭിക്കയുണ്ടായി. അദ്ദേഹത്തിൻെറ സംരക്ഷണയിൽ മാതാപിതാക്കൾ സുഖമായി ജീവിച്ചുവന്നു. എങ്കിലും മഹാതാപസനായിരുന്ന രങ്കസ്വാമി അധികനാൾ ജീവിച്ചില്ല. അമ്പത്തിആറാമത്തെ വയസ്സിൽ, സീമന്തപുത്രൻെറയും, സൂസൈയുടേയും സകല ബന്ധുമിത്രാദികളുടേയും സാന്നിധ്യത്തോടുകൂടി അന്തിമക്രിയകൾ എല്ലാം ഭക്തിപുരസ്സരം കൈക്കൊണ്ടു അദ്ദേഹം പരലോകപ്രാപ്തനായി. മരിക്കുന്നതിന്നു സ്വല്പംമുമ്പ് അടുത്തു മേശയിൽ ഇരുന്നിരുന്ന തൂങ്ങപ്പെട്ട രൂപത്തെ ദർശിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഹാ! ഈ തൂങ്ങപ്പെട്ട രൂപത്തിൽ അടങ്ങിയിരിക്കുന്നതുപോലെയുള്ള തത്വം വേറെ ഒരു മതത്തിലും കാണുകയില്ല." ചികിത്സക്കായി വന്ന വൈദ്യന്മാരോടു തനിക്കു മരണം ഇന്ന സമയത്തുണ്ടാകുമെന്നു അദ്ദേഹം ക്ലിപ്തമായി പറഞ്ഞു.

ഫാദർ ജ്ഞാനപ്രകാശം ബി. ഏ, ത്രിശ്ശിനാപ്പള്ളിയിലെ സെൻറു ജോസഫ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ജോലി കുറേക്കാലം വഹിച്ചശേഷം, ഡിൻഡിഗലിലെ വികാരിയായി നിയമിതനായി. അവിടെ അദ്ദേഹത്തിൻെറ അസാധാരണജ്ഞാനവും സന്മാതൃകയും നിമിത്തം അനേകം ഹിന്തുക്കൾ മാനസാന്തരപ്പെട്ടിട്ടുണ്ട്. അദ്ദേഹം ഇക്കഴിഞ്ഞ ചിങ്ങം ൧൦-ാംനു-യാണ് പരലോകപ്രാപ്തനായത്. കടലൂർ കോളജ് പ്രിൻസിപ്പാളായിരുന്ന മിസ്റ്റർ സൂസൈപ്പിള്ളയാകട്ടെ ഒരു മാസം മുമ്പുതന്നെ പരലോകാഗതനായി.

സൂചനം:— ഇതു ചരിത്രമോ കഥയോ? നിസ്സാരങ്ങളും പ്രധാന സംഭവത്തെ സ്പർശിക്കാത്തവയുമായ അപൂർവ്വം ചില അംശങ്ങളെ ഒഴിച്ചാൽ ഈ ലേഖനം ഒരു യഥാർത്ഥ ചരിത്രമാണ്.

മററത്തിൽ കുര്യൻ കത്തനാർ.

# സംസാരവൈചിത്ര്യം. (തുടർച്ച)

അജ്ഞാതവും അജ്ഞേയവും ആയ ഈവക നിഗൂഢ തത്വങ്ങളെ ആരാഞ്ഞ് ആർജ്ജിതങ്ങളും ആർജ്ജനീയങ്ങളുമായ ഇന്ദ്രിയസുഖങ്ങൾക്ക് ഹാനിവരുത്തുന്നതു തലയ്ക്കു ചൂടുപററിയ ഒരുത്തനു യോജിച്ചതാണെങ്കിലും ലോകപരിജ്ഞാനവും ബുദ്ധിപാകതയും സിദ്ധിച്ചിട്ടുള്ള ഒരു പുരുഷനു് ഒട്ടുംതന്നെ ചേരുന്നതല്ല. അവൻെറ ഉത്തമബോധം അവൻെറ മനസ്സിൽ കുത്തിയുണർത്തിക്കൊണ്ടുവരുന്ന ഈവക സംശയങ്ങളേയും ജിജ്ഞാസകളേയും കണ്ണടച്ചുകൊണ്ടോ തൻെറ നിർണ്ണയശക്തികൊണ്ട് ആട്ടിയോടിച്ചോ ദൂരത്താക്കി കൈവശത്തിൽ വരുന്ന അനുഭോഗാവസരങ്ങളെയെല്ലാം ആർത്തിയോടുകൂടി ഉപയോഗിച്ചും എതിരേവരുന്ന ദുഃഖങ്ങൾ അനിവാര്യങ്ങളാണല്ലോ എന്നുവച്ചു സമാധാനിച്ചും അകപ്പാടെ നോക്കിയാൽ തൻെറ ജീവിതത്തേയും സാഹചര്യങ്ങളേയും പററി ഏറെക്കുറേ തൃപ്തിപ്പെട്ടും കാലം കഴിക്കുന്നു. അവൻ ഉഭയവർഗ്ഗത്തിലും പെട്ട വേറെയും ചില മനുഷ്യസത്വങ്ങൾക്കു ലോകത്തിലേക്ക് ഒന്നൊന്നായി വഴികാണിച്ചുകൊടുക്കുന്നു. അവൻെറ വാർദ്ധക്യവും ആത്മജീവിതേച്ഛയും എരട്ട പെററ കുഞ്ഞുങ്ങളെപ്പോലെ ഒന്നായി വ

ളുന്നുവരുന്നു. ഭൂതത്തെപ്പററിയുള്ള നിശ്ചയമോ, ഭാവിയെപ്പററിയുള്ള സംശയമോ അവൻെറ വൎത്തമാനത്തിനു യാതൊരു ആസ്വാദ്യതയും വരുത്തുന്നില്ല. അതഃപൎയ്യന്തം അനുഭവിച്ച സുഖങ്ങളെല്ലാം ധൂമമെന്നപോലെ അവൻെറ ദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്നു. പരമശത്രുവായ മരണം ഒരു കറുത്ത പൊട്ടുപോലെ തൻെറ ജീവിതദൃഷ്ടിയുടെ ചക്രവാളത്തിൽ വന്നു എത്തിനോക്കുന്നു. ഈ ശത്രുവിനെ എതിൎക്കുന്നതിനു വേണ്ട യുദ്ധസാമഗ്രികളേയും ബന്ധുജനങ്ങളേയും അവൻ ശേഖരിക്കുന്നു. ശത്രു ദിവസംപ്രതി അടുത്തടുത്തുവരുന്നു. യുദ്ധം ഇതാ പ്രഖ്യാപനം ചെയ്തുകഴിഞ്ഞു. തലസ്ഥാനത്തിൽ ഉഷ്ണം അതിക്രമിക്കുന്നു. അംഗങ്ങൾ ഭ്രമിക്കുന്നു. വായു കോപിക്കുന്നു. വത്സലനായ എൻെറ അനുജൻ മരണവേദന അനുഭവിക്കുന്നു. ഇതാ അവൻ സംസാരസാഗരത്തിൻെറ അക്കരയിൽ എത്തി മറഞ്ഞുപോവുകയും ചെയ്യുന്നു. അയ്യോ, എനിക്കു ഒന്നുകൂടി ചോദിക്കാനുണ്ടായിരുന്നു. അക്കരയിലുള്ള വൎത്തമാനങ്ങളെപ്പററിത്തന്നെ. പക്ഷെ ആരോടു ചോദിക്കുന്നു? ഇതുവരെ എൻെറ ചോദ്യങ്ങൾ കേൾക്കുന്നതിനെങ്കിലും ഒരുത്തൻ ഉണ്ടായിരുന്നു. ഇപ്പോൾ അതുമില്ലെന്നായി.

കഷ്ടം! ഗൂഢമായ ജീവിതരഹസ്യങ്ങളെപ്പററിയുള്ള എൻെറ തത്വാന്വേഷണം ഈവിധം എനിക്കു പൂൎവ്വാധികം മനോവ്യഥയിലാണോ പൎയ്യവസാനിക്കാൻ പോകുന്നതു്? ഇല്ല; ഒരിക്കലും ഇല്ല. അതിൽനിന്നു സാരമായ ഒരു തത്വം ഞാൻ മനസ്സിലാക്കി. അതു് ഒരിക്കലും ഞാൻ വിസ്മരിക്കയുമില്ല. അതായതു്: എൻെറ ഭൂതജീവിതത്തെ പരിക്ഷിച്ചാലും എൻെറ വൎത്തമാനസംഗതികളെ നിരീക്ഷിച്ചാലും എൻെറ ഭാവിയെ പ്രതീക്ഷിച്ചാലും ഞാൻ സ്വയംഭൂവോ പൂൎണ്ണസ്വതന്ത്രനോ ആയ ഒരു സത്വമല്ലെന്നും എൻെറ ജനനത്തിനും ജീവനത്തിനും വാസ്തവമായ കാരണമായി എൻെറ സ്രഷ്ടസ്ഥാനവും പിതൃസ്ഥാനവും വഹിക്കുന്ന ഒരു മഹൽസത്വം ഉണ്ടെന്നും എൻെറ യുക്തിബോധം എന്നോടു വിശദമായി വിളിച്ചുപറയുന്നു എന്നുള്ളതാണു്. അങ്ങിനെയാണെങ്കിൽ എൻെറ ബുദ്ധിമുട്ടുകൾക്കെല്ലാം സമാധാനമുണ്ടായി. ഞാൻ കൃതാൎത്ഥനുമായി. അസ്ഥിരവും ദുൎബ്ബലവുമായ എൻെറ ബുദ്ധിശക്തിയിൽമാത്രം വിശ്വസിച്ചുകൊണ്ടു് ഗഹനങ്ങളായ ഈവക ചിന്താപഥങ്ങളിൽ പ്രവേശിക്കുന്നതിനായി ദുസ്വാതന്ത്ര്യത്തേയോ മിഥ്യാധൈൎയ്യത്തേയോ ധിക്കാരത്തേയോ അഹങ്കാരത്തേയോ ഞാൻ കൂട്ടുവിളിക്കുന്നില്ല. അങ്ങനെ ഇറങ്ങിപ്പുറപ്പെട്ടവരുടെ ഹാസ്യകരങ്ങളായ പ്രമാദങ്ങളും സുപ്രസിദ്ധങ്ങളായ അധഃപതനങ്ങളും സൈന്യശേഖരംപോലെ കൂട്ടംകൂട്ടമായി വന്നു് കിടങ്ങിൽ ചാടാതിരിപ്പാൻ വാഗ്വിലാസത്തോടുകൂടി എന്നോടു പ്രസംഗിക്കുന്നു. ഈ വിഷയത്തിൽ സുകരമായും സുഗമമായും ഒരു മാൎഗ്ഗം മാത്രമേ ഞാൻ കാണുന്നുള്ളു.

എൻെറ ഉത്ഭവത്തിനും ഉപജീവനത്തിനും കാരണമായിരിക്കുന്ന ആ പരമസത്വം എൻെറ സകല മനോവികാരങ്ങളേയും അറിയുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. കേവലം ശാരീരികസംഗതികളിൽത്തന്നെ എനിക്കായി ഇത്രയൊക്കെ ചെയ്ത ആ കാരുണികസത്വം അതിനേക്കാൾ തുലോം പ്രധാനമായ എൻെറ അദ്ധ്യാത്മിയവിഷയങ്ങളിൽ എന്നെ സഹായിക്കാതിരിക്കയില്ലെന്നും, പ്രത്യുത വാസ്തവമായ വാത്സല്യത്തോടുകൂടെ എന്നെ നയിക്കുമെന്നും ഞാൻ പൂൎണ്ണമായി ശരണപ്പെടുന്നു. അതിനാൽ ഹൃദ്യമായ സ്നേഹത്തോടും ദൃഢമായ വിശ്വാസത്തോടും വാസ്തവമായ വിനയത്തോടും കൂടി ഓ! പരമനാഥാ, നിന്നോടുതന്നെ ഞാൻ അൎത്ഥിക്കുന്നു. "ഓ, കൎത്താവേ, സംസാരിക്കുക. എന്തുകൊണ്ടെന്നാൽ നിൻെറ ഭൃത്യൻ ഇതാ ശ്രദ്ധിക്കുന്നു" ഞാനാരാകുന്നു എന്നും നീ ആരാകുന്നു എന്നും ഞാൻ എന്തു ചെയ്യേണമെന്നും എങ്ങിനെ ചെയ്യേണമെന്നും നീ തന്നെ എന്നെ പഠിപ്പിക്കണമെ. ഓ, ദൈവമേ! നിൻെറ കരുണാവാത്സല്യങ്ങൾക്കു് അതിരു കാണുന്നതിനു സാധിക്കുമോ? എൻെറ ബുദ്ധിമുട്ടുകളെ നീ മുൻകൂട്ടി അറിഞ്ഞു്, അവയ്ക്കു വേണ്ടപ്പെട്ട പ്രതിവിധികളെ നീതന്നെ ചെയ്തുവല്ലൊ. എൻെറ സംശയങ്ങളെ മുമ്പേത

ന്നെ ഗ്രഹിച്ച് അവയ്ക്കു പ്രത്യുത്തരങ്ങൾ നീ തന്നെ പ്രസ്താവിച്ചു കഴിഞ്ഞുവല്ലൊ. അവയെ അന്യരുടേതായി തെററിധരിക്കാതിരിക്കാനും അന്യരുടേതിൽ നിന്നു തിരിച്ചറിവാനുമായി അമാനുഷികങ്ങളും ദൈവികങ്ങളും വാസ്തവങ്ങളുമായ അനേക പ്രവൃത്തികളാൽ നീ സാക്ഷിപ്പെടുത്തിയല്ലൊ.

ജോൺ വട്ടക്കാട്ടുശേരി ബി. ഏ.
(ഓണേഴ്സ്)

# രണ്ടു കൂലിവേലക്കാർ.

പാരീസിൽ കൂലിവേലക്കാരായ രണ്ട് അയൽവാസികളുണ്ടായിരുന്നു. അവരിൽ ഒരാൾ വേലയ്ക്കു പുറപ്പെടുന്നതിനു മുമ്പ് ദിവസംതോറും ദേവാലയത്തിൽ ചെന്ന് പൂജകണ്ടുവന്നു. ഇയ്യാൾ പാവപ്പെട്ടവനായിരുന്നെങ്കിലും സുഖമായി നിത്യവൃത്തി കഴിച്ചുവന്നതുകൂടാതെ, എന്നും ഒരു ചെറിയ തുക നീക്കിവെക്കുന്നതിനു കൂടിയും ആദായം ലഭിച്ചിരുന്നു. മറേറ ആളിൻെറ സ്ഥിതിയാവട്ടെ വളരെ ദയനീയമായിരുന്നു. കഷ്ടകാലവും ദാരിദ്ര്യവും അയാളെ ഒരിക്കലും വിട്ടുമാറിയില്ല. ദാരിദ്ര്യനിവാരണത്തിനായി ഞായറാഴ്ചയെന്നോ, "കട"മുള്ള ദിവസമെന്നോ, ഇല്ലാത്ത ദിവസമെന്നോ ഉള്ള യാതൊരു വ്യത്യാസവുംകൂടാതെ, രാപകൽ വിശ്രമമെന്യേ വേലചെയ്തുവന്നു. എന്നിട്ടും ഒരു ഫലവുമില്ല; അത്രയുമോ? കളത്രപുത്രാദികൾ പട്ടിണികിടന്നു ചാവാറുമായി. ഈ ദുഃഖാവസ്ഥയെ ഓർത്തു നിരാശനായി, ഒരിക്കൽ സ്നേഹിതൻെറ അടുക്കൽചെന്ന്, "അല്ലയോ സ്നേഹിതാ, താങ്കൾ എന്നേക്കാൾ എത്രയോ സ്വല്പ സമയം മാത്രം വേലചെയ്യുന്നു! ഓരോ ദിവസത്തിൻെറയും പ്രധാനമായ ഒരംശം കുർബാന, ജപം ആദിയായ പുണ്യപ്രവൃത്തികളിൽ അങ്ങ് ചെലവിടുന്നു. ഇങ്ങിനെ എല്ലാമിരുന്നിട്ടും, നിങ്ങളും നിങ്ങളുടെ ഭാര്യാപുത്രാദികളും വളരെ സുഖമായി കാലക്ഷേപം കഴിക്കുന്നു". ഇതുകേട്ടു ദയാലുവായ ആ സ്നേഹിതൻ "അല്ലയോ മിത്രമേ, ഈ കാര്യത്തിൽ നിങ്ങൾ ഒട്ടും വ്യസനിക്കേണ്ടാ. എനിയ്ക്കു ഇവയെല്ലാം നൽകുന്ന ഒരു നല്ല സ്നേഹിതനുണ്ട്. അയാളെ ഞാൻ ദിവസംതോറും രാവിലെ ചെന്നുകണ്ട്, എൻെറ അന്നന്നത്തേക്കുള്ള സാധനങ്ങളെ സൌജന്യമായി സ്വീകരിക്കുന്നു." ഇത്രയും കേട്ടപ്പോൾ മറേറവൻ ധൃതിയിൽ "എന്നെയും അയാളുടെ അടുക്കൽ കൊണ്ടുപോയേ കഴിയൂ" എന്നുപറഞ്ഞു. "ഓ, അങ്ങിനെതന്നെ. നാളെ രാവിലെ എൻെറകൂടെപ്പോരു."

പിറേറന്നു രാവിലെ അവർ രണ്ടാളും കൂടിപള്ളിയിൽ ചെന്ന് കുർബാനകണ്ടു മടങ്ങിയപ്പോൾ, കൂട്ടത്തിൽപോയ വേലക്കാരൻ "എന്നെക്കാണിക്കാമെന്നു പറഞ്ഞ ആ സ്നേഹിതനെവിടേ?" എന്ന് അക്ഷമനായി ചോദിച്ചു. "അല്ല! കുർബാന സമയത്തു ബലിപീഠത്തിൽ ഈശോമ്ശിഹാ എഴുന്നരുളി വന്നിരുന്നതു നിങ്ങൾ കണ്ടില്ലേ? അദ്ദേഹംതന്നെയാണ് എൻെറ സകല ആവശ്യങ്ങളും നിറവേററിത്തരുന്ന നല്ല സ്നേഹിതൻ."

പുരയ്ക്കൽ മാത്യു ശഃ എം. ഏ.

---

ഒരു കയ്യേററക്കേസിൽ പ്രതിഭാഗം വക്കീൽ വാദിഭാഗത്തെ ഒരു സാക്ഷിയായ ആശാരിയോട്-

വാദിയും പ്രതിയും തങ്ങളിൽ നടന്ന ശണ്ഠ താൻ കണ്ടുവെന്നല്ലേ പറഞ്ഞതു്?

അതേ.

അവരിൽനിന്നു എത്രദൂരത്തിലാണ് താൻ നിന്നിരുന്നതു്?

നാലുകോലും ഒന്നര അംഗുലവും ദൂരെ നിന്നിരുന്നു.

തൻെറ കണ്ണുകൊണ്ട് ഇത്ര സൂക്ഷ്മമായി അളന്നറിഞ്ഞതെങ്ങനെ?

അതിനു കാരണമുണ്ട്. വില്ല മണ്ടന്മാരും ഇങ്ങനെ ചോദിച്ചെങ്കിലോ എന്നുവച്ചു അളന്നതാണ്.

# ഇതു ശ്രദ്ധേയംതന്നെ, സംശയമില്ല.

വിവിധമതത്തിൽപെട്ട അറുപതു ലക്ഷത്തിൽപരം ജനങ്ങൾ കേരളത്തെ അധിവസിക്കുന്നുണ്ടു്. ഇതിൽ കത്തോലിക്കരുടെ സംഖ്യ പത്തുലക്ഷത്തിലധികം വരുന്നില്ല. ഇതര ക്രിസ്തീയവകുപ്പുകളിലായി ഏകദേശം ൩ ലക്ഷം യാക്കോബായക്കാരും ൫൦൦൦ പ്രൊട്ടസ്റ്റാണ്ടുകാരും ഏതാനും ശീസ്മക്കാരുമുണ്ടു്. മഹമ്മദീയരുടെ ഒരു ചെറിയ തുക ഒഴിച്ചാൽ ബാക്കിയുള്ളവരെല്ലാം ഹിന്തുക്കളാണ്. ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നവരും ഇവർതന്നെ.

"വേദപ്രചാരണം" എന്ന ആ മാധുര്യമേറിയ പദത്തെ നാം വായ്കൊണ്ടു ഉച്ചരിക്കുമ്പോഴും കൈകൊണ്ടു എഴുതുമ്പോഴമൊക്കെ മേൽകാണിച്ചിരിക്കുന്ന ജനസമൂഹത്തിന്റെ മനസ്സുതിരിവിനെ ആയിരിക്കുമല്ലൊ നിർദ്ദേശിക്കുന്നതു്. പരിശുദ്ധ സിംഹാസനത്തിൽനിന്നു ചില പ്രത്യേക രാജ്യങ്ങളെ മിഷ്യൻ വേലക്കായി ഓരോ സന്യാസസഭക്കാർക്കു പകുത്തുകൊടുക്കാറുണ്ടു്. അപ്രകാരം കേരളത്തേയും ചില സഭക്കാർക്കായി പകുത്തുകൊടുത്തിട്ടുണ്ടെങ്കിലും, നാട്ടുക്രിസ്ത്യാനികളായ നാമാണ് ഇവിടെ പ്രധാനമായി മിഷ്യൻവേല നടത്തേണ്ടതു്. തിരുസിംഹാസനത്തിന്റെ ആഗ്രഹവും ഇതുതന്നെയാണെന്നു് ഗംഭീരാശയനായ പതിമൂന്നാം ലെയോൻ മാർപ്പാപ്പായുടെ വാക്കുകളിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "അല്ലയൊ ഇൻഡ്യാരാജ്യമേ, നിന്റെ സുതന്മാർ തന്നെയാണു നിന്റെ രക്ഷ നിർവ്വഹിക്കേണ്ടതു്. (Thy sons, O India! are thy salvation workers)

അതേ! നാം ചവുട്ടിനിൽക്കുന്ന ഈ കേരളഭൂമിതന്നെയാണ് നമ്മുടെ മിഷ്യൻഭൂമി. ഈശോയെപ്രതി നാം വിയർപ്പുകൊണ്ടും, ആവശ്യപ്പെട്ടാൽ രക്തംകൊണ്ടും നനക്കേണ്ട സ്ഥലം ഇതുതന്നെയാകുന്നു. ഇതിനെ അധിവസിക്കുന്ന അനേകായിരം ഹിന്തുക്കളെ വിഗ്രഹാരാധനയുടെ ദാസ്യത്തിൽനിന്നു വിടുവിച്ച്, സത്യദൈവജ്ഞാനത്തിലേക്കും സദാചാര പന്ഥാവിലേക്കും ആനയിപ്പിക്കുന്നതിലും നമ്മിൽനിന്നു നിസ്സാര കലഹങ്ങൾമൂലം നിർഭാഗ്യവശാൽ പിരിഞ്ഞുപോയിട്ടുള്ള യാക്കോബായ സഹോദരന്മാരേയും മററും വീണ്ടും മാതൃസഭയിലേക്കു കൂട്ടിക്കൊണ്ടു വരുന്നതിലും നമ്മുടെ മതത്തിന്റെ വിശിഷ്ടതയെ എങ്ങും പ്രസിദ്ധം ചെയ്യുന്നതിലും അടങ്ങിയിരിക്കുന്നു നമ്മുടെ വേദപ്രചാരണകൃത്യം.

അതിപാവനമായ ഈ ജോലിയിൽ നാം എത്രകണ്ടു ഉൽസുകന്മാരായിരിക്കണമെന്നു, മററു പലേകാരണങ്ങളുടെ കൂട്ടത്തിൽ പാശ്ചാത്യ കത്തോലിക്കരുടെ ദൃഷ്ടാന്തംതന്നെ നമ്മോടു സദാ പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള നമ്മുടെ സഹോദരന്മാർ ഈ വിഷയത്തിൽ വളരെ ശ്രദ്ധാലുക്കളാണ്. ഇപ്പോൾ ആണ്ടുതോറും അവിടങ്ങളിൽനിന്നു ശരാശരി വെവ്വേറെനാവ്വായ്ര പവൻ വേദപ്രചാരണത്തിന്നായി അന്യരാജ്യങ്ങളിലേക്കു അയച്ചുകൊടുക്കുന്നുണ്ടു്. മിഷ്യൻവേലയിൽ ൧൫൦൦൦ പട്ടക്കാരും ൫൦൦൦ സഹോദരന്മാരും ൪൫൦൦൦ കന്യാസ്ത്രീകളും ഏർപ്പെട്ടിരിക്കുന്നു.

കേരളീയ നവവൈദികന്മാർ.

# ഇവരല്ലേ സാക്ഷാൽ മണവാട്ടികൾ?

ഫെബ്രുവരി ൧൨-ാംനു രാവിലെ കുറവിലങ്ങാട്ടുപള്ളിയും മഠവും സർവ്വത്ര ഉത്സാഹമയമായിരുന്നു. അന്നാണ് ആറു ബാലികമാർ ചങ്ങനാശേരി മി. വി. അ. മാർ തോമ്മാ മെത്രാനച്ചൻ തിരുമേനിയിൽനിന്നു് "ആവരണം" സ്വീകരിച്ചു

ള്. കുറവിലങ്ങാട്ട് ഒരു സന്യാസസഭാമന്ദിരം മുൻകാലത്തുണ്ടായിരുന്നതായി ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, ഇങ്ങിനെ ഒരു കർമ്മം പള്ളിസ്ഥാപനാനന്തരം അഭൂതപൂർവ്വമാണ്. അതിനാൽ അതിൽ സംബന്ധിക്കുന്നതിനായി നാനാഭാഗങ്ങളിൽ നിന്നും ആബാലവൃദ്ധം ഒട്ടേറെ ജനങ്ങൾ വന്നുചേർന്നു. മണി ഏഴായി. കർമ്മത്തിൽ ഉപകരിക്കുന്നതിനുള്ള ബ. വൈദികർ 'സർപ്ലസ്' ധരിച്ചുകഴിഞ്ഞു. ഗംഭീരശ്രീ തുളുമ്പുന്ന മുഖവിലാസത്തോടേ ഇതാ മെത്രാനച്ചൻ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ്, പ്രധാന ബലിപീഠത്തിങ്കൽ, മിശിഹാ പത്രോസിനു നൽകിയ താക്കോലിന്റെ പൂർണ്ണശക്തിയോടേ പ്രത്യക്ഷനാകുന്നു. ഗായകന്മാർ പ്രവൃത്തി തുടങ്ങി. ഉടൻ നടക്കുവാൻപോകുന്ന കർമ്മം തങ്ങളെ ബന്ധുമിത്രാദികളിൽനിന്നും ലൌകിക ബഹുമാനാഡംബരങ്ങളിൽ നിന്നും ധനസമ്പത്തിൽ നിന്നും എന്നേക്കും വേർതിരിക്കുമെന്നുള്ള ബോധം ദൃഢീകരിക്കുന്നതിലേക്ക്, വിലയേറിയ പട്ടും കസവും അണിഞ്ഞു വരന്മാരില്ലാത്ത വധുക്കളോടൊപ്പം പ്രധാന ബലിപീഠത്തിങ്കൽ ഒററ നിരയായി ആറു കന്യകകൾ മുട്ടിന്മേൽ നിൽക്കുന്നു. ഈ കാഴ്ച അനന്തരകൃത്യങ്ങളോടു സംഘടിക്കുമ്പോൾ "മായ മായ സർവ്വതും മായ" എന്നുള്ള ശ്ലേമോന്റെ ഉൽക്രോശനത്തിന്റെ പ്രതിധ്വനി, കാണികളുടെ മാനസികശ്രോത്രപുടങ്ങളിന്മേൽ ഊക്കോടേ ഫലിപ്പിക്കുന്നതായിരുന്നു. യഥാവിധി കന്യകകളുടെ ശിരോമുണ്ഡനം മുതലായ ചടങ്ങുകൾ നടക്കുന്നു. അവരുടെ പട്ടും കസവും അദൃശ്യമാകുന്നു. മിശിഹായുടെ പ്രതിനിധി വഴിയായി അവർ ജന്മാന്തരം സ്വീകരിക്കുന്നു. കന്യകസഭാവസ്ത്രം അവരേ ചുററുന്നു. 'കന്യാവ്രത'പാലനത്തിനു വേണ്ടിയുള്ള ശപഥം ചെയ്യുന്നു. നവമായ ശ്രീ അവരുടെ മുഖബിംബങ്ങളിൽ കളിയാടുന്നു. അവർ വരശൂന്യരായ വധുക്കളല്ല. വരൻ നൈർമ്മല്യലക്ഷ്യമായ പുഷ്പകിരീടത്താൽ അവരെ അലങ്കരിച്ചുകഴിഞ്ഞു. അവർ കൈയിലേന്തിയിട്ടുള്ള മെഴുകുതിരികളിലെ ദീപശിഖപോലെ അവരുടെ ഹൃദയങ്ങളും, വരന്റെ സന്നിധിയിലേക്ക് ഉൽക്ഷിപ്തങ്ങളായിരിക്കുന്നു. മ്ശിഹായുടെ മണവാട്ടികൾ! സഭാധികാരിമൂലം പ്രബലകളായ അബലകൾ! സകലരും അവരെ ആദരിക്കട്ടെ. യഥാശക്തി അവരെ സഹായിക്കട്ടെ! പുത്തൻകന്യാസ്ത്രീകൾ ബലിപീഠത്തിങ്കൽ നിന്നു പിൻവാങ്ങി തങ്ങളുടെ സഹോദരികൾക്കു സമാധാന ചുംബനം നൽകി വീണ്ടും പീഠത്തിങ്കൽ വന്നു തിരുമേനിയുടെ തിരുപാഴി മുത്തി ആശീർവ്വാദം വാങ്ങി. ഇതോടുകൂടി 'ഉടുപ്പിടിലി'ന്റെ ചടങ്ങുകൾ അവസാനിച്ചു എന്നു പറയാം. പിന്നീടു മെത്രാനച്ചൻ സാരഗർഭവും അത്യന്തം ജ്ഞാനപ്രദവും ശ്രുതിമധുരവും ആയ ഒരു ദീർഘപ്രസംഗം ചെയ്തു. അതിൽ തിരുസഭ ആവരണദാനം സംബന്ധിച്ചു നിശ്ചയിച്ചിട്ടുള്ള ചടങ്ങുകളെ മൊത്തത്തിൽ വ്യാഖ്യാനിച്ചും പുതുകന്യാസ്ത്രീകളെ അനുമോദിച്ചും പ്രസ്താവിക്കയുണ്ടായി. അനന്തരം കന്യകാജീവിതത്തിന്റെ ശ്രേഷ്ഠതയേയും ആദർശങ്ങളേയും കന്യകകൾക്കുണ്ടായിരിക്കേണ്ട ജീവിതോദ്ദേശ്യങ്ങളേയും കന്യകകൾക്കു ക്രിസ്ത്യസമുദായത്തോടും സമുദായത്തിനു അവരോടും ഉള്ള കടപ്പാടുകളേയും കുറവിലങ്ങാട്ടുകാർ കന്യാസ്ത്രീകളോടും കന്യാസ്ത്രീകൾ നാട്ടുകാരോടും വർത്തിക്കേണ്ട വിധത്തേയും പററി ശ്രദ്ധേയമാംവണ്ണം വിസ്തരിച്ചു പ്രതിപാദിച്ചു. പ്രസംഗോപസംഹാരത്തോടെ മെത്രാനച്ചൻ സകലർക്കും ആശീർവ്വാദം നൽകി പള്ളിമേടയിലേക്കും കന്യാസ്ത്രീകൾ മഠത്തിലേക്കും യാത്രയായി.

കുറവിലങ്ങാട്ടു ലേഖകൻ.

---

സങ്കലിത സർവ്വസൈന്യാധിപനായ മാർഷൽ ഫോഷ്, ബ്രിട്ടീഷ് സർവ്വസൈന്യനേതാവായ സർ ഡഗ്ളാസ് ഹെയിഗ്, അമേരിക്കാ നാവിക സൈന്യാധിപനായ അഡ്മിറൽ ബെൻസൺ ഇററാല്യൻസർവ്വസൈന്യാധിപനായ ജനറൽ കഡോർണി ഫ്രഞ്ചുജനറൽമാരായ കാസിൽനോ, മൻഗിൻ പ്രഭൃതികളെല്ലാംതന്നെ ഉത്തമ കത്തോലിക്കരാണെന്നു മാത്രമല്ല, സങ്കലിതസൈന്യങ്ങളിൽ ഭൂരിപക്ഷഭാഗവും കത്തോലിക്കരാണ്.

# തിരുഹൃദയഭക്തന്മാർ ൧൯൧൯ മീനമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗം.

## "കപ്പൽക്കാരുടെ സാന്മാൎഗ്ഗിക ജീവിതം."



ഓരോ സംഗതിവശാൽ കപ്പലിൽ യാത്രകഴിക്കുന്നതിന്നാവശ്യപ്പെടുന്ന യാത്രക്കാരെ കൂടാതെ, സാധാരണ കപ്പലിൽ ഓരോ ജോലികൾ ചെയ്തുകൊണ്ടു ജീവിക്കുന്ന ആളുകൾ അനവധിയുണ്ടു്. ഈ കൂട്ടത്തിൽ പെട്ടവരെക്കുറിച്ചാണു് ഇവിടെ പ്രസ്താവിക്കുന്നതു്. ഇവരുടെ സ്ഥിരവാസം കപ്പലിൽതന്നെയാകുന്നു. ഇവർ നിരന്തരം കപ്പലിൽ ഓരോ വേലകൾ നടത്തുകയും, കച്ചവടകാൎയ്യങ്ങളിൽ ഏൎപ്പെടുകയും, സൈനിക വൎഗ്ഗത്തിൽ ചേൎന്നവരായിരുന്നാൽ ആവക അഭ്യാസങ്ങൾ നടത്തുകയും ചെയ്തുവരുന്നു. എന്നാൽ സ്വന്ത ആത്മാവിൻെറ കാൎയ്യം വിചാരിക്കുന്നതിന്നും പ്രാൎത്ഥിക്കുന്നതിന്നും കുൎബ്ബാന കാണുന്നതിന്നും അവൎക്കു സൌകൎയ്യമില്ല. ദുൎല്ലഭമായി വല്ലവരും നന്മനസ്സാലെ തുറമുഖങ്ങളിൽ വല്ല പള്ളികളേയും സന്ദൎശിച്ചു എന്നും വരാം. എന്നാൽ സാധാരണ ഇവൎക്കു ഈദൃശകാൎയ്യങ്ങൾക്കു സൌകൎയ്യം കുറവാണു്. നേരെ മറിച്ചു ശാരീരിക സുഖഭോഗങ്ങൾക്കു സൌകൎയ്യങ്ങൾ ധാരാളമുണ്ടു്. പ്രകൃത്യാ തന്നെ തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യൻ പ്രസ്താവിത പരീക്ഷകളിൽ സദാ ഉൾപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഭക്തജീവിതം കഴിക്കുന്ന കാൎയ്യം എളുപ്പമല്ല. ആത്മീയബലം നൽകുന്ന വിശുദ്ധ കൂദാശകളെ കൈക്കൊൾവാൻ ഇവൎക്കു ആണ്ടിന്നകത്തു ഒരിക്കലെങ്കിലും സാധിച്ചെങ്കിൽ നന്നായിരുന്നു. ആണ്ടുകുമ്പസാരമെങ്കിലും ഓൎമ്മിപ്പിച്ചു കഴിപ്പിക്കുന്നതിന്നു വികാരിയച്ചനൊ മററു പട്ടക്കാരനൊ ഇവരുടെ കൂടെയില്ല. ഈ സ്ഥിതിയിലാകുന്നു കപ്പൽക്കാരുടെ ജീവിതം. ഇവരുടെ സാന്മാൎഗ്ഗിക സ്ഥിതി വളരെ ശോച്യമായിട്ടുള്ളതാണു്. ഇവൎക്കു സ്വന്ത രക്ഷയെക്കുറിച്ചും ദൈവത്തെക്കുറിച്ചും വലിയ ചിന്തയില്ലാത്തതിനാൽ, നാം ഈ നിൎഭാഗ്യവാന്മാൎക്കുവേണ്ടി അപേക്ഷിക്കുന്നതു വലിയ ഉപവിപ്രവൃത്തി ആയിരിക്കും. ആകയാൽ തിരുഹൃദയഭക്തന്മാർ ഇവരുടെ ജീവിതഗുണീകരണത്തിന്നായിട്ടും രക്ഷയ്ക്കായിട്ടും ഈമാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കണം. തിരുസഭയിലുള്ള "പുണ്യവാന്മാരുടെ ഒരുമ്പാട്ടു"മൂലം ഇപ്രകാരമുള്ള അപേക്ഷകൊണ്ടു് അനേകം ആത്മാവുകൾ നസ്സുതിരിഞ്ഞു രക്ഷപെടുന്നതിന്നു ഇടയാകുന്നതാണു്.

---

നമ്മുടെ ദുഃഖങ്ങൾക്കുള്ള നിവൃത്തി നമ്മളിൽ തന്നെയാകുന്നു. എന്നാൽ സാധാരണയായി നാം അതിനെ ഈശ്വരങ്കൽ ആരോപിക്കുന്നു.

* * *

അന്യനു ഹിതമായി സംസാരിക്കുന്നതു് നല്ലതാകുന്നു. എന്നാൽ അപ്രകാരംതന്നെ പ്രവൎത്തിക്കുന്നതു് അതിലും നല്ലതാകുന്നു. ഹിതമായ പ്രവൃത്തി ആന്തരമായിട്ടുള്ളതാകുന്നു. ഹിതഭാഷണം ശബ്ദം മാത്രമാകുന്നു. എന്നാൽ ഹിതഭാഷണവും, അതിനെ അനുസരിച്ചു് പ്രവൃത്തിയും, ഒരുവനിൽതന്നെയിരിക്കുന്നുവെങ്കിൽ അവൻ പുണ്യകൎമ്മകൃത്തായി ഭവിക്കുന്നു, അവന്നു് സകലവും ജയമായി ഭവിക്കുന്നു. സകല ലാഭവും അവന്നു് വന്നുചേരുന്നു.

## ചോദ്യപ്പെട്ടി.

സർ, താഴെചേക്കുന്ന സംശയങ്ങളുടെ സമാധാനം താങ്കളൊ കുസുമവായനക്കാരൊ പ്രസ്താവിച്ചുകാണ്മാനാഗ്രഹിക്കുന്നു.

യാക്കോബായക്കാരുടെ വക ധനു–മകരം "മലങ്കരസഭാനാദം" എന്ന മാസികയിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന രണ്ടു ലേഖനങ്ങളിലെ ചില ഖണ്ഡികകളാണ് എൻെറ സംശയ ഹേതുക്കൾ.

(൧) "വേദപുസ്തകംമാത്രം സവ്വത്തിനും ആധാരം, സഭോപദേശങ്ങൾ നിരത്ഥകങ്ങൾ, വേദപുസ്തകത്തിൽ എഴുതപ്പെടാത്തവയായി സഭ സ്വീകരിച്ചിരിക്കുന്നവയെല്ലാം ത്യാജ്യങ്ങൾ" എന്നിങ്ങനെ ഘോഷിച്ചുകൊണ്ട് "സുറിയാനിക്കത്തോലിക്കാ സഭാംഗ"ങ്ങളായി നടക്കുന്നവരുടെ അഭിപ്രായങ്ങൾക്കു ഈ ലേഖനംമൂലം വല്ല അന്തരവും ഭവിക്കുമെങ്കിൽ അതുതന്നെയാണ് ഈ ലേഖന രചനയിൽ എനിക്കുള്ള ഉദ്ദേശമെന്നു വായനക്കാർ ധരിക്കണമെന്ന് അപേക്ഷ." ഇങ്ങനെ യാക്കോബായക്കാരനായ ഒരു ഫാദർ പി. ജെ. യോഹന്നാനവർകൾ എഴുതിയിരിക്കുന്നു.

ഇതെന്തുപുതുമയാണുസാറേ, "സുറിയാനിക്കത്തോലിക്കർ" ഈവിധം അഭിപ്രായപ്പെടുന്നതായി വല്ലവരും കേട്ടിട്ടുണ്ടോ?

(൨) "നാം ദൈവത്തെ സത്യമായിട്ടു സേവിക്കേണമെങ്കിൽ "ഈ പാറമേൽ ഞാൻ എൻെറ പള്ളിയെ പണിയും" എന്നു നമ്മുടെ കത്താവു പറഞ്ഞപ്പോൾ, താൻ പ്രവചിച്ചതായ ആ ഏക ദൃശ്യ സമൂഹത്തിൽ നാം സ്ഥിരമായി പിന്തുടന്നുകൊണ്ടിരിക്കണം. ഈ സമൂഹത്തെതന്നെ നമ്മുടെ കത്താവു ക്രൂശിക്കപ്പെട്ട ആണ്ടിൽതന്നെ, തൻെറ വി. അപ്പസ്തോലന്മാരാൽ യറുശലേമിൽ അക്ഷരപ്രകാരം സ്ഥാപിക്കപ്പെട്ടു. ഈ സഭയോടാകുന്നു "ലോകാവസാനത്തോളവും ഞാൻ നിങ്ങളോടുകൂടിയുണ്ടു" എന്നു താൻ വാഗ്ദത്തം ചെയ്തതു്." ഇങ്ങനെയാണു വേറൊരു യാക്കോബായ വൈദികനായ നെടുന്തള്ളിൽ ബ. ഗീവറുഗീസു കത്തനാർ "കാതോലികസഭയുടെ നാലു ലക്ഷണങ്ങ"ളെപ്പററി ഉപന്യസിച്ചിരിക്കുന്നതു.

പാറമേൽ സ്ഥാപിതമായ ഈ ഏക ദൃശ്യസഭ ഏതാകുന്നു? യാക്കോബായ സഭയോ, മാത്തോമ്മാസഭയോ, ബാവാസഭയോ, മെത്രാൻസഭയോ, അബ്ദിമലേക്ക് സഭയോ, നാഗൽസഭയോ ഏതാണ്?

X. Y.

## കുറിപ്പുകളും വർത്തമാനങ്ങളും.

കുന്ദംകുളം, കോട്ടയം, മല്ലപ്പള്ളി എന്നീസ്ഥലങ്ങളിലുള്ള നമ്മുടെ യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ മതപ്രചാരണാത്ഥം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന യുവവൈദികന്മാരുടെ പ്രവൃത്തികൾ സഫലീഭവിച്ചുതുടങ്ങിയതായി അറിയുന്നതിൽ സന്തോഷിക്കുന്നു. മ്ശിഹായുടെ ഉദ്യാനത്തിൽ വേലചെയ്യുന്ന പുണ്യാത്മാക്കളെ, നിങ്ങളുടെ അപ്പോസ്തലവേലയിൽ പ്രാത്ഥനാമാഗ്ഗം 'കുസുമ'വും ഭാഗഭാക്കാകുന്നുണ്ടെന്നു അറിയുന്നതു നിങ്ങൾക്കു പ്രോത്സാഹാവഹമായിരിക്കുമല്ലൊ. വേദപ്രചാരണ പ്രവൃത്തിയെ നിർഭയം പൂത്തിയാക്കുക.

* * *

ബോമ്പയിൽനിന്നു പുറപ്പെടുന്ന "തിരുഹൃദയദൂതൻ" എന്ന മാസികയ്ക്കു ഇപ്പോൾ പതിമൂവായിരം വരിക്കാരുള്ളതായി അറിയുന്നു. ഈ അവസരത്തിൽ കേരളീയ കത്തോലിക്കാമാസികകളുടെ പ്രചാരണ ചരിത്രത്തെപ്പററി എങ്ങനെ പയ്യാലോചിക്കാതെ ഇരിക്കും? കമ്മെലകുസുമത്തെ സംബന്ധിച്ചേടത്തോളം ഇചരാഭംഗത്തിനു വകയില്ലെങ്കിലും ഞങ്ങളുടെ പരിശ്രമങ്ങളും, ഈദൃശോദ്യമങ്ങളിൽ സഹകരിക്കുന്നതിനു വിശ്വാസികൾക്കുള്ള കടമയും ആലോചിക്കുമ്പോൾ ഇനിയും തൃപ്തികരമായി എന്നു പറഞ്ഞുകൂടാ. ഇക്കാലസ്ഥിതിക്കു കത്തോലിക്കാ സാഹിത്യപ്രചാരണത്തേപ്പോലെ ആദരണീയവും അവശ്യകത്വവും ആയി മററെന്തു സൽപ്രവൃത്തിയാ

ന്നുള്ളത്? പൊതുക്കാര്യപ്രസക്തന്മാരായ കത്തോലിക്കാ മഹാജനങ്ങളുടെ ശ്രദ്ധയെ ഇതിലേക്കു സാദരം ക്ഷണിച്ചുകൊള്ളുന്നു.

* * *

എടത്വാ സെൻറു് അലോഷ്യസ് ഹൈസ്കൂളിലെ ആക്ടിംഗ് ഹെഡ് മാസ്ററരായിരുന്ന ശ്രീമാൻ എ. ജെ. വറുഗീസ് ബി. എ., എൽ. ടി. ഇക്കഴിഞ്ഞ ഫെബ്രുവരി ൧൫-നു- രാത്രിക്ക് സന്നിപാതജ്വരം പിടിപെട്ടു പരലോകപ്രാപ്തനായിരിക്കുന്നു. സൽഗുണസമ്പന്നനായിരുന്ന ഈ യുവാവിൻെറ നിര്യാണം എത്രയോ പേരെ താപക്രാന്തത്തിലാക്കിയിട്ടുണ്ടെന്നു എന്തിനു വിസ്തരിക്കുന്നു? "കർമ്മല കുസുമ"ത്തിൻെറ ഉത്തമബന്ധുവും, മതപ്രചാരണപ്രവൃത്തികളുടെ സഹകാരിയും ആയിരുന്ന ഇദ്ദേഹത്തിൻെറ മരണത്തിൽ ഞങ്ങൾക്കുള്ള വ്യസനം സീമാതീതമാണ്. വിവാഹം കഴിഞ്ഞിട്ടു പ്രഥമവാർഷികോത്സവം ആഘോഷിക്കാൻ സാധിക്കാത്ത മിസ്സസ് വറുഗീസിനോടും, പിതൃവ്യനായ റവ. ഫാദർ മർസിലീനോസിനോടും, മാതുലനായ റവ. ഫാദർ കാപ്പിലവർകളോടും, മററു ബന്ധുമിത്രാദികളോടും കൂടി ഞങ്ങളും ഹൃദയപൂർവ്വം സഹതപിച്ചുകൊള്ളുന്നു. സമാധാനത്തിൽ ആശ്വസിക്കട്ടെ!

* * *

ചങ്ങനാശേരി വികാരിയാത്തിൽ ആകെ ൧൦൫ പള്ളികളും ൩൪ കുരിശുപള്ളികളും ൯ മിസ്സംവക പള്ളികളും ൨൫൮ എടവക കപ്പട്ടക്കാരും ൫൦ ശമ്മാശ്ശന്മാരും ൨൮൭൦ വീടുകളും ൧൫൩൮൩ വിശ്വാസികളും ൮൭൮൭ പുതുക്രിസ്ത്യാനികളും ൧൭ മഠങ്ങളും ൯൨ സന്യാസിനികളും ൧൦ ഇംഗ്ലീഷ് സ്കൂളുകളും ൧൫ മലയാളം പെൺപള്ളിക്കൂടങ്ങളും ൨൨൩൮ വിദ്യാർത്ഥിനികളും ൧൨൦ എടവക മലയാളം സ്കൂളുകളും ൧൧൮൯൦ വിദ്യാർത്ഥികളും ഉണ്ട്. കൂടാതെ എൻജിനീയറിങ്ങ്, എം. ഏ., ബി. ഏ. (ഓണേഴ്സ്), എൽ. ടി., ബി. എൽ., എൽ. എം. എസ്. എന്നീ ഉൽകൃഷ്ടപരീക്ഷാവിജയികളായിട്ട് ൫൦ പേരും ഉള്ളതായി അറിയുന്നു.

* * *

നവപൂജാസ്മാരകം, ദിവാൻജി അവർകളുടെ ഉപക്രമപ്രസംഗം, ൧൦൯൩ലെ തിരുവിതാംകൂർ രാജ്യഭരണറിപ്പോർട്ട്, മലങ്കര സഭാനാദം, മൈമദർ എന്നിതുകളുടെ ഓരോ പ്രതി കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

* * *

ഞങ്ങളുടെ മാന്യസഹജീവിയായ "സത്യനാദം" ജാതിവ്യത്യാസം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു മുഖപ്രസംഗപരമ്പര പ്രസിദ്ധംചെയ്തിരിക്കുന്നു. സാരതരവും യുക്തിയുക്തവുമായ ഈ ലേഖനങ്ങൾ പുസ്തകരൂപേണ അച്ചടിച്ചുകാണുന്നതിനു ഞങ്ങൾക്കാഗ്രഹമുണ്ട്.

* * *

ലണ്ടനിലെ "കത്തോലിക്ക് യൂനിവേർസി"ൻെറ പത്രാധിപരുടെ ഉത്സാഹത്താൽ ആധുനിക ലോകമഹായുദ്ധത്തിൻെറ ക്ഷണപര്യവസാനത്തിനായിട്ട്, ഗ്രെയിററുബ്രിട്ടണിലെ ബാലികാബാലന്മാർ ഏകോപിച്ച്, സർവ്വസൈന്യാധിപൻ മാഷൽ ഫോഷിൻെറ നിയോഗാനുസരണം വിശുദ്ധ കുർബ്ബാന കൈക്കൊള്ളുകയുണ്ടായി. ആ വിവരം അറിഞ്ഞുകൊണ്ട് "യൂനിവേർസി"ൻെറ പത്രാധിപക്കു മാഷൽ ഫോഷ് അയച്ച കത്തിലെ സാരമാണ് താഴെ ചേക്കുന്നത്.

സങ്കലിതസൈന്യങ്ങളുടെ പ്രധാനസേനാധിപൻ. മാഷൽ, സി. ക്യൂ. ജി. എ.

൧൯൧൮ സെപ്റ്റംബർ ൧൯.

സേർ, നിങ്ങളുടെ മനോഗതങ്ങളുടെ പ്രസ്താവവും ഈ മഹൽപ്രവൃത്തി ആരംഭിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിച്ച സദ്വിചാരവും എന്നെ കൃതാർത്ഥനാക്കിയിരിക്കുന്നു. ഗ്രേയിററുബ്രിട്ടനിലെ ബാലന്മാർ എൻെറ നിയോഗാനുസരണം ചെയ്തിട്ടുള്ള വിശ്വാസപ്രകടനം എന്നെ അസാമാന്യമായി ആനന്ദിപ്പിച്ചിട്ടുണ്ട്. അവരോടുള്ള നന്ദിയെ ദയാപൂർവ്വം അറിയിക്കയും നീതിപരിപാലനത്തിനായിട്ടുള്ള നമ്മുടെ ശ്രമം വിജയകരമായി പരിണമിക്കുന്നതിന് അവരുടെ പ്രാർത്ഥനയെ തുടൎന്നുകൊണ്ടിരിക്കണമെന്ന് അപേക്ഷിക്കയും വേണം.

സേർ, നിങ്ങളുടെ നേരെയുള്ള എൻെറ പ്രത്യേക വന്ദനം സ്വീകരിച്ചാലും.

എന്ന്, മാഷൽ എഫ്. ഫോഷ്.

* * *

യുദ്ധം അവസാനിച്ചപ്പോൾ ബ്രിട്ടീഷ് ഗവമ്മെണ്ടിനു 641 കോടി 80 ലക്ഷം പവനും, ജമ്മനിക്ക് 830 കോടി പവനും അമേരിക്കൻ ഗവമ്മെണ്ടിനു 260 കോടി പവനും കടമുണ്ടായിരുന്നു.

മാർപ്പാപ്പാ തിരുമനസ്സിലെ ജേക്കുത്തി മൂത്തിപ്പെട്ടിട്ടു അധികമായില്ലല്ലോ. ഇപ്പോളിതാ തിരുമനസ്സിലെ സഹോദരനായി ജ്യോവാന്നിഡെല്ലാക്യ്യയേസാ പ്രഭുവും രോഗബാധിതനായിരിക്കുന്നു. ഇദ്ദേഹം ജീവിക്കുന്ന കാര്യം വളരെ സംശയഗ്രസ്തമാണെന്നാണ് പത്രങ്ങളിൽനിന്നു അറിയുന്നത്.

* * *

സംസ്ഥാനത്തുള്ള എല്ലാ ഡിസ്ട്രിക്ട് കോടതികളും ഹൈക്കോടതിയും മദ്ധ്യവേനൽ ഒഴിവുപ്രമാണിച്ച് മീനം ൨൦-നു മുതൽ ഇടവം ൧൯-നു വരെയും മുൻസിഫ്കോടതികൾ മീനം ൨൦-നു മുതൽ മേടം ൩൦-നു-വരെയും പൂട്ടപ്പെടുന്നതാണെന്നു അറിയുന്നു.

"എടവകപ്പട്ടക്കാരുടെ അപ്പസ്തോലസംഘാ"ദ്ധ്യക്ഷനും സ്ഥാപകനുമായ മൊൺസിഞ്ഞോർ ലെബ്രറിയേർ കഴിഞ്ഞ ഒക്ടോബർമാസം ൧൯-നു ൭൦-ാമത്തെ വയസ്സിൽ പാരീസിൽവച്ചു പരലോകപ്രാപ്തനായിരിക്കുന്നു. എടവകപ്പട്ടക്കാരുടെ നന്മയേ ഉദ്ദേശിച്ചുകൊണ്ട് ആജീവനാന്തം പ്രയത്നിച്ച ഒരു വൈദികവര്യനായിരുന്നു ഇദ്ദേഹം. അപ്പസ്തോലസംഘത്തിൽ ഇപ്പോൾ ആകെ പതിമൂവായിരം അംഗങ്ങളാണുള്ളത്. ഇവരിൽ ൨൦൦ പേർ ഇന്ത്യയുടെ നാനാഭാഗങ്ങളിലായി 'മിഷ്യൻ' വേല നടത്തുന്നവരാണ്. ആബെബ്രുഖപറേൽ അവർകളാണ് നവ്യാദ്ധ്യക്ഷൻ.

## ചരമവാർത്തകൾ.

"കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു." (സുവിശേഷം)

മുത്തോലിൽ ആലക്കാപ്പള്ളി ജേ. വറുഗീസ് ബി. എ., എൽ. ടി. അവർകൾ ഇക്കഴിഞ്ഞമാസം ൧൫-ാംനു- അന്തിമക്രൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ട് ൭൦-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ ഒരു സഹായാദ്ധ്യാപകനായ പുല്ലിച്ചിറ മിസ്ററർ ജേ. പി. സൈമൻെറ ഭാര്യയായ ശ്രീമതി ആഗ്നേസ് ഇക്കഴിഞ്ഞ മകരം ൫-ാംനു- ഇരുപതാമത്തെ വയസ്സിൽ ചരമഗതിയെ പ്രാപിച്ചിരിക്കുന്നു.

പാവർട്ടി ക. നി. മൂ. സ. യോഗാർത്ഥിയായ ചിറസ്സൂൽ ജോർജ്ജ് അവർകളുടെ അപ്പനായ ഈനാശു ഇട്ടികരിയ എന്ന ആൾ ൬൫-ാം വയസ്സിൽ ഇക്കഴിഞ്ഞമാസം ൧൨-ാംനു- വെള്ളിയാഴ്ച ഏഴ മണിയോടുകൂടി അന്തിമക്രൂദാശകൾ ഒക്കെയും സുബോധത്തോടെ കൈക്കൊണ്ട്, പരലോകപ്രാപ്തനായിരിക്കുന്നു. ഈ ആത്മാക്കളുടെ നിത്യസമാധാനത്തിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.

# പഞ്ചാംഗം.

## ൧൯൫൪, മാർച്ച് - ൧൧൨൯ കുംഭം - മീനം.

1 17 ശ വേ. മാരിയോസ് കൂട്ടരും (മ. ൧൯) ന. ആ. കു. വെ. ച്യു.
ഇന്നു ശ്ലു. യൌസേപ്പുപിതാവിൻെറ വണക്കമാസം തുടങ്ങുന്നു.
[illegible]
[illegible]

2 18 ഞ ☉ ✠ [illegible] ന. കു. ആ. [illegible] [illegible] റോ.
ഇന്നു പാതിരാസ്സു അമ്പതു നോമ്പു തുടങ്ങുന്നു.

3 19 തി അ. വേ. പൊലിക്കാപ്പ് (മ. ൨൩) ന. ആ. കു. വെ. ച്യു.

4 20 ചൊ പാ. വേ. ലൂച്ചിയോസ് ന. ആ. കു. വെ. ... ... ച്യു.
വി. ശവെഴ്സാരിൽ നിന്നു ഏതുനന്മയും ലഭിപ്പാനായി ചൊല്ലേണ്ടുന്ന നവനാൾ ഇന്നു തുടങ്ങുന്നു.

| | | | | |
|---|---|---|---|---|
| 5 | 21 | ബു | വിഭൂതിത്തിരുനാൾ. ന. കു. ആ. ... ... | റോ. |
| 6 | 22 | വ്യ | † (അ. മ. ക്യുറില്ലോസ്.) ന. കു. ആ. ... ... | വെ. |
| 7 | 23 | വെ | † (ന. ക. മുൾമുടി. ✻ ൫൦ ച്യ) (ഒരുനേരം) ന. കു. ആ. | റോ. |
| 8 | 24 | ശ | † (മെ൭. യോഹന്നാൻ ദാലാഹാ.) ന. കു. ആ. ... | വെ. |
| 9 | 25 | ഞ | ✠ നോ. ൧ാം ഞാ. ന. കു. ആ. ᵞ൫൦ . ൨൨ . ൨ ... | റോ. |
| 10 | 26 | തി | † വി. പ്രംസീസ്ക്കോസ് (ഇന്നലെ) ന. കു. ആ. ... | വെ. |
| | | | വി. യൌസേപ്പിന്റെ മരണത്തിരുനാളിന്നു മുമ്പുള്ള നവനാൾ ഇന്നു തുടങ്ങുന്നു. | |
| 11 | 27 | ചൊ | (൪൦ വേദസാക്ഷികൾ. ഈ൭ ൻ) ന. കു. ആ. ... | ച്യ. |
| 12 | 28 | ബു | (പാ. മ. ഗ്രിഗോരി) പട്ടം ന. കു. ആ. ... ... | വെ. |
| | | | ക. നി. മൂ. സഭയുടെ നിയമങ്ങൾ ശാശ്വതമായി അംഗീകരിക്കപ്പെട്ടു. ൧൬൦൬. | |
| 13 | 29 | വ്യ | (മ. മെ൭. തോമ്മാ ആകപിനാസ് ഈ൭. ൧) ന. കു. ആ. | വെ. |
| 14 | 1 | വെ | † (ന. ക. തിരു. കുന്തം ൧൦) പട്ടം (ഒരുനേരം) ന. കു. ആ. | ച്യ. |
| 15 | 2 | ശ | († വേ. കനുത്തോസ് രാജാവ് മ. ൧ൻ. പട്ടം ന. കു. ആ. | ച്യ. |
| 16 | 3 | ഞ | ◉ ✠ നോ. ൨ാം ഞാ. ന. കു. ആ. ᵞ൨൨ . ൧൦ . ൨൨ ... | റോ. |
| 17 | 4 | തി | († അ. മെ൭. പത്രീസിസ്) ന. കു. ആ. ... ... | വെ. |
| 18 | 5 | ചൊ | (മാലാ. ഗെ൭റിയേൽ) ന. കു. ആ. ... ... | വെ. |
| 19 | 6 | ബു | മാർ യൌസേപ്പ് ന. കു. വെ. ... ... ... | റോ. |
| | | | വി. യൌസേപ്പിന്റെ മരണതിരുനാൾ. ചമ്പക്കുളം, മാന്നാനം ഈ ദേവാലയങ്ങളിൽ പ്രത്യേകമായി ആഘോഷിക്കപ്പെടുന്നു. | |
| 20 | 7 | വ്യ | († വനവാസി അബ്രാഹം ഈ൭. ൧൯) ന. കു. ആ. | വെ. |
| 21 | 8 | വെ | († ന. ക. തിരുവസ്ത്രം. ✻ ൧൦) (ഒരുനേരം) ന. കു. ആ. | ച്യ. |
| 22 | 9 | ശ | (മെ൭. ബനദിക്തോസ് ഇന്നലെ) ന. കു. ആ. ... | വെ. |
| 23 | 10 | ഞ | ✠ നോ. ൩ാം ഞാ. ന. കു. ആ. ... ... | റോ. |
| | | | ☞ ചൊവ്വാഴ്ച തിരുനാൾകടം പള്ളിയിൽ വിളിച്ചു പറയണം. | |
| 24 | 11 | തി | († മെ൭. റൈമു. മ. ൨൦) ന. കു. ആ. ... ... | വെ. |
| 25 | 12 | ചൊ | ✠ ക. മ. മംഗലവാർത്ത ന. കു. വെ. ... ... | റോ. |
| | | | പൂർണ്ണദണ്ഡവിമോചനം. | |
| | | | മാർ ളൂയിസ് മെത്രാനച്ചന്റെ ജനനം. ൧൮൪൭. | |
| 26 | 13 | ബു | († മെ൭. കസ്സിറോസ്. ഈ൭. ൪) ന. കു. ആ. ... | വെ. |
| 27 | 14 | വ്യ | († മ. മെ൭. യോഹന്നാൻ മെ.) ന. കു. ആ. ... | വെ. |
| 28 | 15 | വെ | († ന. ക. തിരുമുറിവുകൾ ൨൦) (ഒരുനേരം) ന. കു. ആ. | ച്യ. |
| 29 | 16 | ശ | (ക. വേദ. അഗനസ്. മ. ൨൮.) ന. കു. ആ. ... | ച്യ. |
| 30 | 17 | ഞ | ✠ നോ. ൪ാം ഞാ. ന. കു. ആ. ᵞ൫൦ . ൭ . ൧൦ ... | റോ. |
| 31 | 18 | തി | ◉ († യോഹന്നാൻ ക്ലിമാക്കോസ് ഇന്നലെ) ന. കു. ആ. | വെ. |

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam, 1919.

## കുസുമത്തെപ്പററി മാന്യന്മാർ എന്തുപറയുന്നു?

൧. ഫെബ്രുവരി ലക്കം കർമ്മലകുസുമം, മാസിക കിട്ടിയിരിക്കുന്നു. ഇതു കാഴ്ചയിൽ രമണീയമായിരിക്കുന്നതുപോലെ തന്നെ ഉദ്ദേശസാദ്ധ്യത്തിനും പ്രയോജകീഭവിക്കുവാൻ ഭാരവാഹികൾ വേണ്ട ശ്രമം ചെയ്തിട്ടുണ്ടെന്നു കാണുന്നു. അച്ചടിയും പുസ്തകത്തിന്റെ ആകപ്പാടെയുള്ള ഘടനയും നന്നായിരിക്കുന്നു. അവിടവിടെ ചില പടങ്ങൾ ചേർത്തിട്ടുള്ളതും ഉചിതംതന്നെ. "കേരളതാരതി."

൨. പരിഷ്കാരശേഷമുള്ള കുസുമം, വിഷയവിശേഷംകൊണ്ടും ലേഖകന്മാരുടെ മാഹാത്മ്യംകൊണ്ടും ആകപ്പാടെ വളരെ നന്നായിരിക്കുന്നു. . . . സർവ്വതോമുഖമായ ശ്രേയസ്സ് ആശംസിച്ചുകൊള്ളുന്നു. റവ. ഫാദർ തോട്ടാശ്ശേരി ബി. ഏ. (മാഞ്ചേഴ്സ്)

൩. കുസുമം വളരെ നന്നായിരിക്കുന്നു. ഇങ്ങനെ ആയാൽ വായനക്കാർ ധാരാളമുണ്ടാവാതിരിക്കയില്ല. വന്ദ്യദിവ്യശ്രീ പി. കെ. അന്തോനിക്കത്തനാർ.


# കർമ്മലകുസുമം.

തിരുവിതാംകൂറിലെ കത്തോലിക്കമാസികകളിൽ ഏററവും പഴക്കമുള്ളതു്

മാസികാവരിസംഖ്യവിവരം

ആണ്ടടക്കം മുൻകൂറു ബ്രി. രൂപാ ഒന്നു മാത്രം.

മാനേജർ,
"ക. കുസുമം" മാന്നാനം.

# THE FLOWER OF CARMEL.

AN ILLUSTRATED CATHOLIC MALAYALAM MAGAZINE.

Annual Subscription Re 1. in advance.

*Apply to.*

The Manager,
"The Flower of Carmel"
Mannanam,
Travancore. S. India.

## പരസ്യക്കൂലി വിവരം.

| ഒരു പേയ്ജിനു | ക. | ണ. | പൈ. | ഒരു പേയ്ജിനു | ക. | ണ. | പൈ. |
|---|---|---|---|---|---|---|---|
| ,, ഒരു കൊല്ലത്തേക്കു | 30 | 0 | 0 | ,, മൂന്നു മാസത്തേക്കു | 10 | 0 | 0 |
| ,, ആറു മാസത്തേക്കു | 17 | 8 | 0 | ,, ഒരു മാസത്തേക്കു | 4 | 0 | 0 |

പ്രത്യേക പരസ്യങ്ങൾക്കു അപ്പഴപ്പോൾ കൂലി നിശ്ചയിക്കുന്നതായിരിക്കും. പണം മുൻകൂറു കിട്ടാതെ യാതൊരു പരസ്യവും സ്വീകരിക്കപ്പെടുന്നതല്ല.

☞ ക. കുസുമത്തിന്റെ പരസ്യക്കൂലിവിവരം അറിയുന്നതിനു ആവശ്യപ്പെട്ടുകൊണ്ടു പലരും ഇവിടെ എഴുതിച്ചോദിക്കുന്നുണ്ട്. എല്ലാവരുടെയും അറിവിനായി കൂലിവിവരം ചേർക്കുന്നു.

# പരസ്യം.

൧. മാസികയുടെ പുഷ്ടാധികമായ പ്രചാരണത്തിനു വേണ്ട ഒത്താശകളെല്ലാം ചെയ്യുന്നതിനു എല്ലാ പ്രധാനസ്ഥലങ്ങളിലും ഏജണ്ടന്മാരെ ആവശ്യമുണ്ട്. അവൎക്കു ന്യായമായ പ്രതിഫലം കൊടുക്കപ്പെടുന്നതുമാണ്.

൨. കുസുമമിത്രങ്ങളുടെ മരണവൃത്താന്തവും പരിശുദ്ധ കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥം വഴിയായി ലഭിക്കുന്ന മനോഗുണവിവരണവും സൗജന്യമായി ചേൎക്കുന്നതിനു ഞങ്ങൾ തയ്യാറുണ്ട്.

൩. കുസുമത്തിൽ പ്രസിദ്ധം ചെയ്യുവാനുള്ള ലേഖനങ്ങൾ, കത്തോലിക്കാ വൎത്തമാനങ്ങൾ, മിഷ്യൻവാൎത്തകൾ, മനോഗുണവിവരണങ്ങൾ, ചരമക്കുറിപ്പുകൾ, മാററപ്പത്രങ്ങൾ, മാസികകൾ എന്നിതുകളെല്ലാം

പത്രാധിപർ

ക. കുസുമം ആഫീസ്

മാന്നാനം.

എന്ന മേൽവിലാസത്തിലും, പണമിടപെട്ട എല്ലാ എഴുത്തുകുത്തുകളും

മാനേജർ

"കർമ്മെല കുസുമം"

മാന്നാനം.

എന്ന മേൽവിലാസത്തിലും അയയ്ക്കേണ്ടതാണ്.

# വിജ്ഞാപനം.

## "എന്റെ അമ്മെ, എന്റെ ആശ്രയമെ."

(൩൦൦ ദി. ഉ. വി.,) ൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ,

൧൯൧൫ സെപ്റ്റംബർ ൧൫.

ഏററവും ഫലസിദ്ധിയുള്ള പ്രസ്തുത ദണ്ഡവിമോചനജപം '൬ × ൯' ഇഞ്ച് വലിപ്പത്തിൽ, ചുററും ബോർഡും, പരിശുദ്ധ കന്യകയുടെ പടവും വച്ചും, നമ്മുടെ വൈദികമേലദ്ധ്യക്ഷന്റെ അനുമതിയോടു കൂടിയും മനോഹരമായി അച്ചടിച്ചിട്ടുള്ളതാണ്. ആവശ്യക്കാൎക്ക്,

| | | As. | P. | | | As. | P. |
|---|---|---|---|---|---|---|---|
| സാധാരണ അടിപ്പ് | ൧൦൦-ക്കു | ൪ | " | വിശേഷതരം | ൧൦൦-ക്കു | ൮ | " |
| ടി | ൫൦-ക്കു | ൨ | " | ടി | ൫൦-ക്കു | ൪ | " |
| ടി | ൨൫-ക്കു | ൧ | ൬ | ടി | ൨൫-ക്കു | ൨ | " |
| ടി | ൧൦-ക്കു | .. | ൧൦ | ടി | ൧൦-ക്കു | ൧ | ൬ |

സൂചന:— ചില്ലറയായി ആവശ്യപ്പെടുന്നവർ സ്ററാമ്പ് അടക്കംചെയ്ത് അപേക്ഷിച്ചാൽ മതിയാവുന്നതാണ്.

കർമ്മലകുസുമം മാനേജർ,

മാന്നാനം.